2024 DECEMBER
16
MONDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




## പത്ത് വർഷത്തിനിടെ ഇന്ത്യയിലെത്തിയത് 87.63 ലക്ഷം കോടിയുടെ വിദേശ നിക്ഷേപം

**ന്യൂദൽഹി:**പത്തു വർഷത്തിനിടെ ഇന്ത്യയിലെത്തിയ വിദേശ നിക്ഷേപത്തിൽ കുതിപ്പ്. 2000ന് ശേഷം ഇതുവരെയുള്ള കണക്കുപ്രകാരം രാജ്യത്തെത്തിയ നേരിട്ടുള്ള വിദേശ നിക്ഷേപം 87.63 ലക്ഷം കോടി (1,033.40 ബില്യൺ ഡോളർ) ആയി.

2000 ഏപ്രിലിനും 2024 സെപ്റ്റംബറിനുമിടയിലെ നിക്ഷേപ കണക്കാണ് ഡിപ്പാർട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ ഇന്റേണൽ ട്രേഡ്(ഡിപിഐഐടി) പുറത്തുവിട്ടത്. ആഗോളതലത്തിൽ അഞ്ചാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായ ഇന്ത്യയുടെ ജിഡിപി 2024ലെ കണക്കു പ്രകാരം 3.89 ട്രില്യൺ ഡോളർ ആണ്.

യുഎസിൽ നിന്നോ യൂറോപ്പിൽ നിന്നോ അല്ല, മൗറീഷ്യസിൽനിന്നാണ് വിദേശനിക്ഷേപം ഏറ്റവും കൂടുതലെത്തിയത്.



25 ശതമാനം. സിങ്കപൂരിൽനിന്ന് 24 ശതമാനവും യുഎസിൽനിന്ന് 10 ശതമാനവും നിക്ഷേപമെത്തി. നെതർലാൻഡ്സ്(ഏഴ് ശതമാനം), ജപ്പാൻ (ആറ് ശതമാനം), യുകെ(അഞ്ച് ശതമാനം), യുഎഇ(മൂന്ന് ശതമാനം) എന്നിങ്ങനെയാണ് മറ്റ് രാജ്യങ്ങളിൽനിന്നെത്തിയ നിക്ഷേപങ്ങൾ. കേയ്മാൻ ഐലൻഡ്, ജർമനി, സൈപ്രസ് എന്നിവിടങ്ങളിൽനിന്ന് രണ്ട് ശതമാനവും നിക്ഷേപമെത്തി.

സേവന മേഖലകളിലേയ്ക്കാണ് കൂടുതൽ നിക്ഷേപമെത്തിയത്. കംപ്യൂട്ടർ സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ, ടെലികമ്യൂണിക്കേഷൻ, അടിസ്ഥാന സൗകര്യവികസനം, ഓട്ടോമൊബൈൽ, കെമിക്കൽസ്, ഫാർമ എന്നീ മേഖലകളിലാണ് കൂടുതൽ നിക്ഷേപവും.

ടെലികോം, മീഡിയ, ഫാർമ, ഇൻഷുറൻസ് മേഖലകളിൽ നിക്ഷേപം നടത്തുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ബന്ധപ്പെട്ട മന്ത്രാലയത്തിൽനിന്ന് അനുമതി ലഭിച്ചാൽ ഈ മേഖലകളിൽ നിക്ഷേപം നടത്താൻ കഴിയൂ. അതേസമയം, മറ്റ് പല മേഖലകളിലും റിസർവ് ബാങ്കിന്റെ അനുമതി നേടിയാൽ മതിയാകും.

ലോട്ടറി, ചൂതാട്ടം, വാതുവെപ്പ്, ചിട്ടി, നിധി കമ്പനി, റിയൽ എസ്റ്റേറ്റ്, പുകയില ഉത്പന്നങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വ്യവസായങ്ങളിൽ വിദേശ നിക്ഷേപം അനുവദനീയമല്ല.

## സോപ്പിന്റെയും ഷാംപൂവിന്റെയും വില കൂടും

**കൊച്ചി:** ഉത്പാദന ചെലവിലെ കനത്ത വർധന കണക്കിലെടുത്ത് കൺസ്യൂമർ ഉത്പന്നങ്ങളുടെ വില ഉയർത്താൻ പ്രമുഖ ഫാസ്റ്റ് മൂവിങ് കൺസ്യൂമർ ഗുഡ്സ് (എഫ്എംസിജി) കമ്പനികൾ ഒരുങ്ങുന്നു. ഇന്ധന, അസംസ്കൃത സാധനങ്ങൾ എന്നിവയുടെ വില വർധനയ്ക്കൊപ്പം ജീവനക്കാരുടെ കൂലിച്ചെലവും കൂടിയതും എഫ്എംസിജി കമ്പനികളുടെ പ്രവർത്തന ലാഭത്തെ പ്രതികൂലമായി ബാധിക്കുകയാണ്.

നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് സൂചികയിലെ (എൻഎസ്ഇ 100) 100ൽ 48 കമ്പനികൾക്കും പ്രതീക്ഷിച്ച വിൽപ്പനയും ലാഭവും ജൂലൈസെപ്റ്റംബർ മാസങ്ങളിൽ നേടാനായില്ലെന്ന് ആഗോള ഏജൻസിയായ ബെർണസ്റ്റീൻറെ ഗവേഷണ റിപ്പോർട്ടിൽ പറയുന്നു. ഇക്കാലയളവിൽ ലിസ്റ്റഡ് കമ്പനികളുടെ അറ്റാദായത്തിൽ 3.4% ഇടിവുണ്ടായി. മുൻവർഷം ഇതേകാലയളവിൽ കമ്പനികളുടെ ലാഭത്തിൽ 40% വർധനയുണ്ടായിരുന്നു.

ക്രൂഡ് ഓയിൽ, വെളിച്ചെണ്ണ, പാമോയിൽ, കാർഷിക ഉത്പന്നങ്ങൾ എന്നിവയുടെ വിലയിൽ അസാധാരണ വർധനയാണ് കഴിഞ്ഞ മാസങ്ങളിലുണ്ടായത്. ഇതോടെ ഉത്പാദന ചെലവ് താങ്ങാനാകാത്ത സ്ഥിതിയാണെന്ന് കമ്പനികൾ പറയുന്നു. പായ്ക്ക് ചെയ്ത തേയില, സുഗന്ധവ്യഞ്ജനങ്ങൾ, ഭക്ഷ്യ എണ്ണകൾ, മസാലപ്പൊടികൾ, പയർ വർഗങ്ങൾ എന്നിവയുടെ വില കഴിഞ്ഞ ദിവസങ്ങളിൽ വർധിപ്പിച്ചു. സോപ്പ്, ഷാംപൂ, സൗന്ദര്യവർധന ഉത്പന്നങ്ങൾ, ഹെയർ ഓയിൽ തുടങ്ങിയവയുടെയും വില കൂടും.

നടപ്പു സാമ്പത്തിക വർഷത്തിലെ രണ്ടാം ത്രൈമാസക്കാലയളവിൽ പ്രമുഖ എഫ്എംസിജി കമ്പനിയായ ഹിന്ദുസ്ഥാൻ യൂണിലിവറിൻറെ അറ്റാദായം 4% ഇടിഞ്ഞ് 2,612 കോടി രൂപയായി. ഇക്കാളയളവിൽ വരുമാനത്തിൽ 1.5% വർധനയുണ്ടായെങ്കിലും ഉത്പാദന ചെലവ് ഗണ്യമായി കൂടിയതാണ് തിരിച്ചടിയായത്.

## കോട്ടയത്ത് ലുലു മാൾ തുറന്നു

**കോട്ടയം:** വിശാലമായ ഹൈപ്പർമാർക്കറ്റുമായി ലുലു മാൾ കോട്ടയത്ത് മണിപ്പുഴയിൽ എംസി റോഡരികിൽ പ്രവർത്തനം തുടങ്ങി. മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്തു. അക്ഷരനഗരിയായ കോട്ടയത്തേക്കു ഗുണമേന്മയുള്ള ഉൽപന്നങ്ങളും നല്ല ഷോപ്പിങ് അനുഭവവുമായി ലുലു മാൾ എത്തുന്നത് സ്വാഗതാർഹമാണെന്നും കോട്ടയത്തിന്റെ ആധുനികവൽക്കരണത്തിന് അതു കരുത്തേകുമെന്നും മന്ത്രി വാസവൻ പറഞ്ഞു. ഹൈപ്പർമാർക്കറ്റിന്റെ ഉദ്ഘാടനം മാമ്മൻ മാത്യു നിർവഹിച്ചു. തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ മുഖ്യാതിഥിയായി.

കോട്ടയം സ്വദേശികൾ ലോകോത്തര ശൃംഖലയുടെ ഭാഗമായെന്നും നഗരവികസനത്തിന് അതു വേഗം വർധിപ്പിക്കുമെന്നും തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. കേരളം വയോജനങ്ങളുടെ സങ്കേതമായി മാറുന്നതു തടയാൻ സംരംഭകരും രാഷ്ട്രീയപ്രവർത്തകരും മാധ്യമങ്ങളുമെല്ലാം ഒരുമിച്ചുനിന്നു പ്രവർത്തിക്കണമെന്ന് ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ.യൂസഫലി പറഞ്ഞു. മധ്യതിരുവിതാംകൂറിനുള്ള ക്രിസ്മസ് പുതുവത്സര സമ്മാനമാണ് ലുലു മാൾ. കോട്ടയം ലുലുവിലൂടെ രണ്ടായിരം പേർക്ക് തൊഴിലവസരം ലഭിക്കുമെന്നും യുവത്വത്തിന്റെ മികവ് നാട്ടിൽ പ്രയോജനപ്പെടുത്താനാണ് വിവിധ പദ്ധതികളിലൂടെ ലുലു ലക്ഷ്യമിടുന്നതെന്നും യൂസഫലി പറഞ്ഞു.

എംപിമാരായ കെ.ഫ്രാൻസിസ് ജോർജ്, ജോസ്.കെ മാണി, ഹാരിസ് ബീരാൻ, മുൻ കേന്ദ്രമന്ത്രി വി.മുരളീധരൻ, കോട്ടയം നഗരസഭാധ്യക്ഷ ബിൻസി സെബാസ്റ്റ്യൻ, വാർഡ് കൗൺസിലർ ഷീന ബിനു, സിപിഐ ജില്ലാ സെക്രട്ടറി വി.ബി. ബിനു, സന്തോഷ് ജോർജ് കുളങ്ങര, ലുലു ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ അഷറഫ് അലി, ലുലു ഇന്ത്യ സിഇഒയും ഡയറക്ടറുമായ എം.എ. നിഷാദ് എന്നിവർ പ്രസംഗിച്ചു.

350 കോടി രൂപ ചെലവിൽ 3.22 ലക്ഷം ചതുരശ്ര അടി വിസ്തൃതിയിലാണ് കോട്ടയം ലുലു മാൾ ആരംഭിച്ചത്. 1.4 ലക്ഷം ചതുരശ്ര അടി വലുപ്പത്തിലാണ് ആധുനിക നിലവാരവും മികച്ച സൗകര്യങ്ങളുമുള്ള ഹൈപ്പർമാർക്കറ്റ്. ഫുഡ് കോർട്ട്, ഇൻഡോർ ഗെയിമിങ് സോൺ, ആയിരത്തിലധികം വാഹനങ്ങൾക്ക് പാർക്കിങ്, 23 ബ്രാൻഡഡ് ഷോറൂമുകൾ എന്നിവയും കോട്ടയത്തെ മാളിലുണ്ട്. രാവിലെ 9 മുതൽ രാത്രി 11 വരെയാണ് പ്രവർത്തന സമയം. നിലവിൽ പാർക്കിങ് ഫീസില്ല.





## കാവ നേഷൻസ് കപ്പുമായി സെൻട്രൽ ഏഷ്യൻ വോളിബോൾ അസോസിയേഷൻ

**കാഠ്മണ്ഡു:** സെൻട്രൽ ഏഷ്യൻ മേഖലയിൽ, കാവ നേഷൻസ് കപ്പ് എന്ന പേരിൽ പുതിയ ചാമ്പ്യൻഷിപ്പ് ആരംഭിക്കാനുള്ള സുപ്രധാന നീക്കവുമായി സെൻട്രൽ ഏഷ്യൻ വോളിബോൾ അസോസിയേഷൻ (കാവ). ഇതിനായി പ്രൈംവോളിബോൾ ലീഗ് സംഘാടകരായ ബേസ്‌ലൈൻ വെഞ്ചേഴ്സുമായി പത്ത് വർഷത്തെ പങ്കാളിത്തം പ്രഖ്യാപിച്ചു. ഏഷ്യൻ വോളിബോൾ കോൺഫെഡറേഷന്റെ (എവിസി) സോണൽ അസോസിയേഷനാണ് കാവ. ഇന്ത്യക്ക് പുറമേ അഫ്ഗാനിസ്താൻ, ബംഗ്ലാദേശ്, ഭൂട്ടാൻ, ഇറാൻ, കസാഖിസ്താൻ, കിർഗിസ്താൻ, മാലിദ്വീപ്, നേപ്പാൾ, പാകിസ്താൻ, ശ്രീലങ്ക, താജിക്കിസ്താൻ, തുർക്ക്മെനിസ്താൻ, ഉസ്ബെക്കിസ്താൻ എന്നീ രാജ്യങ്ങളാണ് സെൻട്രൽ ഏഷ്യൻ വോളിബോൾ അസോസിയേഷനുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്നത്.

കാവ നേഷൻസ് കപ്പിലൂടെ മേഖലയിലുടനീളമുള്ള വോളിബോളിന്റെ വളർച്ചയും ജനപ്രീതിയും ത്വരിതപ്പെടുത്തുകയാണ് ലക്ഷ്യം. 6 മുതൽ 8 വരെ ടീമുകളെ പങ്കെടുപ്പിച്ചായിരിക്കും എല്ലാ വർഷവും ടൂർണമെന്റ് നടത്തുക, എഫ്ഐവിബി റാങ്കിങ് പോയിന്റുകളും നൽകും. ഇന്ത്യയിലെ ജനപ്രിയ പ്രൈം വോളിബോൾ ലീഗിന്റെ അണിയറക്കാരായ ബേസ്‌ലൈൻ വെഞ്ചേഴ്സുമായി സഹകരിക്കുന്നതിൽ സന്തോഷമുണ്ടെന്ന് കാവ പ്രസിഡന്റ് മുഹമ്മദ് ലത്തീഫ് പറഞ്ഞു. സെൻട്രൽ ഏഷ്യയുടെ ഗെയിം മാറ്റിമറിക്കുന്ന ടൂർണമെന്റായിരിക്കും കാവ നേഷൻസ് കപ്പെന്ന് ബേസ്‌ലൈൻ വെഞ്ചേഴ്സിന്റെ സഹസ്ഥാപകനും എംഡിയുമായ തുഹിൻ മിശ്ര പറഞ്ഞു.

## ഫോക്‌ലോർ ഫെസ്റ്റിൽ കാലം അവതരിപ്പിച്ച് കവിതാലാപനം : 100 കവികൾ കവിത ചൊല്ലി

**കൊച്ചി:** സമകാലീന ജീവിതത്തിലെ വിഹ്വലതകളും ആധികളും വസ്തുതകളും സന്തോഷങ്ങളും കവിതകളായി അക്ഷരം പൂണ്ടു. താളവും ഈണവും തെറ്റാതെ അവ എടവനക്കാട് പുളിക്കനാട്ട് ഓഡിറ്റോറിയത്തിൽ മുഴങ്ങി. ഒരു വർഷത്തിന്റെ നഷ്ടവും കോട്ടവും അതിജീവിച്ച് പുതിയൊരു വത്സരത്തെ ആനന്ദത്തോടെ വരവേൽക്കാൻ കവിതകളുടെ ആലാപനം വഴിയൊരുക്കി.

വൈപ്പിൻ ഫോക്‌ലോർ ഫെസ്റ്റിന്റെ ഭാഗമായി വിശാലകൊച്ചി സാംസ്കാരിക വേദിയുടെ സഹകരണത്തോടെ പുളിക്കനാട്ട് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച 'എന്റെ കവിത 100 കവികളുടെ കവിയരങ്ങാ'യിരുന്നു വേദി.

വിജ്ഞാനത്തെയും വിനോദത്തെയും പരസ്പരം ബന്ധിപ്പിച്ച് നാടിന്റെ വികസനത്തിന് എങ്ങനെയെല്ലാം പ്രവർത്തിക്കാമെന്നതിനു മാതൃക സൃഷ്ടിക്കുകയാണ് 'എന്റെ കവിത 100 കവികളുടെ കവിയരങ്ങ്' പരിപാടിയുടെ ലക്ഷ്യമെന്ന് കവിയരങ്ങ് ഉദ്ഘാടനം ചെയ്തുകൊണ്ട് കെ എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎ പറഞ്ഞു. വികസനമെന്നതിന്റെ വിശാല അർത്ഥത്തിൽ ഇതും ഉൾപ്പെടുന്നു. മനുഷ്യന്റെ ബൗദ്ധിക വികാസത്തിനു ഉപയുക്തമായ കലാ സാഹിത്യ ഉപാധികൾ മനസ്സിനെ പ്രചോദിപ്പിക്കുമെന്നത് തർക്കമറ്റ വസ്തുതയാണെന്നും എംഎൽഎ പറഞ്ഞു.

വാരിവലിച്ചെഴുതാതെ, മനുഷ്യ സമൂഹത്തിന് ഉണർവ്വു നൽകുന്ന, അവരെ ഒന്നാക്കുന്ന ഒന്നാന്തരം കവിതകളാണ് കാവ്യപൂർവ്വികർ നമുക്ക് നൽകിയതെന്നു 'എന്റെ കവിത'യിൽ മുഖ്യ പ്രഭാഷണം നടത്തിയ സിപ്പി പള്ളിപ്പുറം അഭിപ്രായപ്പെട്ടു. മലയാള ഭാഷ ഉള്ളിടത്തോളം അവർക്കു മരണമില്ല. കേരളത്തെ പിടിച്ചുകുലുക്കിക്കൊണ്ടാണ് ഉള്ളൂരും വള്ളത്തോളും കുമാരനാശാനും കടന്നുപോയത്.

കവികളുടെ വസന്തകാലമെന്നു തോന്നിപ്പിക്കും വിധമാണ് നിലവിൽ ദിവസേന പുസ്തകം പ്രകാശനം ചെയ്യുന്നത്. ഇതിൽ പവൻതിളക്കമുള്ള നിലനിൽക്കുന്ന കവിതയേതാണെന്നതാണ് പ്രസക്തമെന്നും സിപ്പി പറഞ്ഞു. വിശാലകൊച്ചി സാംസ്കാരിക വേദി പ്രസിഡന്റ് ഷൈൻ ആന്റണി അധ്യക്ഷനായി.

ഇ ടി ടൈസൺ മാസ്റ്റർ എംഎൽഎ, കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് ജേതാവ് ആർ എസ് ബാസ്കർ, കേരള സാഹിത്യ അക്കാദമി അവാർഡ് ജേതാവ് പൂയ്യപ്പിള്ളി തങ്കപ്പൻ, വൈപ്പിൻ ബ്ലോക്ക് വൈസ് പ്രസിഡന്റ് കെ എ സാജിത്ത്, പുരോഗമന കലാസാഹിത്യ സംഘം വൈപ്പിൻ മേഖല സെക്രട്ടറി ടി ആർ വിനോയ്കുമാർ, കവയിത്രി ഡോ. സിസ്റ്റർ തെരേസ് ആലഞ്ചേരി, സാംസ്കാരിക ഫോറം സെക്രട്ടറി അഡ്വ. കെ എസ് ജിജോ എന്നിവർ സംസാരിച്ചു.



## 'കരുതലായ് എറണാകുളം' സൗജന്യ സൂപ്പർ സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു

**കൊച്ചി:** ടി.ജെ വിനോദ് എം.എൽ.എയുടെ നേതൃത്വത്തിൽ ഐ.എം.എയുടെ മേൽനോട്ടത്തിൽ സംഘടിപ്പിച്ച കരുതലായ് എറണാകുളം സൗജന്യ സൂപ്പർ സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാംപ് കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ രാവിലെ 9ന് എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ ഉദ്ഘാടനം ചെയ്തു.

ആരോഗ്യ രംഗത്ത് കേരളം വലിയ മുന്നേറ്റം നടത്തുന്നു എന്ന് സർക്കാർ അവകാശ വാദം ഉന്നയിക്കുമ്പോഴും ദൈനംദിന ചികിത്സ ചെലവ് വല്ലാത്ത രീതിയിൽ വർധിച്ചതിനെ തുടർന്നു സാധാരണക്കാർക്കും പാവപ്പെട്ടവർക്കും സർക്കാർ ആശുപത്രിയെ ആശ്രയിക്കേണ്ടി വരുന്ന സാഹചര്യമാണ്. എന്നാൽ സർക്കാർ ആശുപത്രിയിൽ മരുന്നുകളും ചികിത്സയും ലഭ്യമല്ലാത്ത സാഹചര്യത്തിൽ സ്വകാര്യ ആശുപത്രികളിലെ ചികിത്സ ചെലവുകൾ താങ്ങാനാകാതെ ജനം വലയുകയാണ്. സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ ജനങ്ങൾക്ക് നൽകേണ്ട ചികിത്സ സൗകര്യങ്ങൾ നിഷേധിക്കപ്പെടുന്നത് വല്ലാത്ത ഒരു സാഹചര്യത്തിലേക്ക് കേരളത്തെ ഇന്ന് എത്തിച്ചു കൊണ്ടിരിക്കുന്നത് എന്നും അതിനിത്തരം തുടർ ചികിത്സ സൗകര്യം പോലും സൗജന്യമായി ലഭ്യമാക്കി കൊണ്ട് സംഘടിപ്പിക്കപ്പെടുന്ന ക്യാമ്പുകൾ ജനങ്ങൾക്ക് ഒരു ആശ്വാസ നടപടിയാണ് എന്ന് ടി.ജെ.വിനോദിന്റെ ഈ ക്യാമ്പിലെ ജനപങ്കാളിത്തം കാണുമ്പോൾ ഞാൻ മനസിലാക്കുന്നു എന്നും അദ്ദേഹം പറഞ്ഞു. ടി.ബി എന്ന രോഗം നമ്മുടെ സമൂഹത്തിൽ നിന്നും തുടച്ചു നീക്കിയെന്നു അവകാശപ്പെടുമ്പോഴും ആരോഗ്യരംഗത്തെ വിദഗ്ധരുവുമായി ആശയ വിനിമയം നടത്തിയ സന്ദർഭത്തിൽ ടി.ബി എന്ന മാരക രോഗം വീണ്ടും നമ്മുടെ സമൂഹത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നാണ് ഞാൻ മനസിലാക്കുന്നത്, അത് പരിശോധിക്കാനുള്ള സാങ്കേതിക വിദ്യ പോലും നമ്മുടെ സർക്കാർ സംവിധാനങ്ങളിൽ നിലവിൽ ലഭ്യമല്ല എന്നത് ദുഃഖഹരമായ വസ്തുതയാണ്. ഒരാൾ ചികിത്സയിൽ മരണപ്പെട്ടാൽ മുഴുവൻ ബില്ല് അടക്കാതെ മൃതദേഹം പോലും വിട്ടു നൽകാതെ ബന്ധുക്കളെ പ്രയാസത്തിലേക്ക് നയിക്കുന്ന ആശുപത്രികളുടെ നടപടികൾ നമ്മുടെ സമൂഹത്തിൽ കണ്ടുവരുന്നുണ്ട് എന്നും കെ സി വേണുഗോപാൽ തന്റെ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. സ്പൈനൽ മസ്കുലാർ അട്രോഫി എന്ന അസുഖത്താൽ ഇരുകാലുകളും തളർന്നു പോയ ആറാം ക്ലാസ് വിദ്യാർഥിനി യഷിധയ്ക്ക് വീട്ടിൽ നിന്നും സ്കൂളിലേക്ക് പോകുവാൻ ഉതകുന്ന തരത്തിലുള്ള ബാറ്ററിയിൽ പ്രവർത്തിക്കുന്ന ഓട്ടോമാറ്റിക്ക് വീൽ ചെയർ കരുതലായ് എറണാകുളം മെഡിക്കൽ ക്യാമ്പിൽ കെ.സി വേണുഗോപാൽ എം.പി കൈമാറി. യഷിധയ്ക്ക് ഉൾപ്പടെ 10 പേർക്ക് ക്യാമ്പിൽ വീൽചെയർ നൽകി. എറണാകുളം നിയോജകമണ്ഡലത്തിലെ താമസക്കാരായ അർഹരായ രോഗികൾക്ക് തുടർ ചികിത്സ സൗജന്യമായി ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെ ടി.ജെ വിനോദ് എം.എൽ.എ വിഭാവനം ചെയ്ത കരുതലായ് എറണാകുളം മെഡിക്കൽ ക്യാമ്പ് ബി.പി.സി.എൽ, കൊച്ചിൻ ഷിപ്യാർഡ്, ജിയോജിത്ത്, ഭീമ ഗോൾഡ്, പെട്രോനെറ് ഉൾപ്പടെ സാമൂഹിക പ്രതിപദ്ധതയുള്ള നിരവധി സ്ഥാപനങ്ങളുടെയും ജില്ലയിലെ പ്രശസ്തമായ ആശുപത്രികളുടെയും സഹകരണത്തോടെയാണ് സംഘടിപ്പിച്ചത്, ഇത്തവണ ക്യാമ്പിൽ 4371 ആളുകൾ രജിസ്റ്റർ ചെയ്ത് പങ്കെടുത്തുവെന്ന് ടി.ജെ വിനോദ് എം.എൽ.എ പറഞ്ഞു.

ക്യാമ്പിൽ കണ്ണ് പരിശോധന നടത്തി അതിൽ നിന്നും കണ്ണട നിർദ്ദേശിക്കപ്പെടുന്നവർക്ക് സൗജന്യമായി കണ്ണടയും തിമിര ശസ്ത്രക്രീയ നിർദ്ദേശിക്കുന്നവർക്ക് ശാസ്ത്രക്രീയയും ചെയ്തു നൽകുമെന്ന് ടി ജെ വിനോദ് എം.എൽ.എ പറഞ്ഞു. ക്യാമ്പിൽ പങ്കെടുത്ത് ഫോളോ അപ്പ് കൗണ്ടറിൽ പേര് രജിസ്റ്റർ ചെയ്ത എല്ലാവർക്കും തന്നെ ബ്ലഡ് പരിശോധനകളും, രോഗ നിർണയത്തിന്റെ ഭാഗമായുള്ള എം.ആർ.ഐ, സി.ടി, എക്സ്റേ ഉൾപ്പടെയുള്ള മുഴുവൻ പരിശോധനകളും വരും ദിവസങ്ങളിൽ നടത്തി നൽകുന്നതായിരിക്കും. ഇതിനായി ഐ.എം.എയുടെ നേതൃത്വത്തിൽ വരും ദിവസങ്ങളിൽ അർഹരായ മുഴുവൻ ആളുകളെയും ഫോൺ മുഖാന്തിരം ബന്ധപ്പെടുമെന്നും ടിജെ വിനോദ് എം.എൽ.എ പറഞ്ഞു.

ടി.ജെ വിനോദ് എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ തൃക്കാക്കര എം.എൽ.എ ഉമാ തോമസ്, ഡി.സി.സി പ്രസിഡന്റ് മുഹമ്മദ് ഷിയാസ്, ഐ.എം.എ പ്രസിഡന്റ് ജേക്കബ് എബ്രഹാം, കൊച്ചിൻ ഷിപ്യാർഡ് സി.എസ്.ആർ ഉപദേഷ്ടാവ് സമ്പത്ത് കുമാർ, ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ.ഷാഹിർഷാ, ഡോ.ജുനൈദ് റഹ്മാൻ, രഞ്ജിത് വാര്യർ, തുടങ്ങിയവർ പ്രസംഗിച്ചു.

## ഇന്റർവെൻഷണൽ കാർഡിയോളജി വിദഗ്ദ്ധരുടെ സംസ്ഥാന സമ്മേളനം സമാപിച്ചു

**കൊച്ചി:** ഹൃദയാഘാതവും സങ്കീർണ ഹൃദ്രോഗങ്ങളും കൈകാര്യം ചെയ്യുന്ന ഹൃദ്രോഗ വിദഗ്ദ്ധരുടെ സംസ്ഥാന സംഘടനയായ ഇന്റർവെൻഷണൽ കാർഡിയോളജി കൗൺസിൽ ഓഫ് കേരളയുടെ (ഐ.സി.സി.കെ.) സംസ്ഥാന സമ്മേളനവും ഫെല്ലോസ്

പ്രോഗ്രാമും കൊച്ചിയിലെ ഹോട്ടൽ മാരിയറ്റിൽ സമാപിച്ചു.

ഐസിസികെ വൈസ് പ്രസിഡന്റ് ഡോ. മധു ശ്രീധരൻ; സെക്രട്ടറി ഡോ.രമേഷ് നടരാജൻ, ഡോ.രഞ്ജുകുമാർ ബി.സി, ഓർഗനൈസിങ് സെക്രട്ടറി ഡോ.രാജേഷ് ടി എന്നിവർ നേതൃത്വം നൽകി.

തുറന്നുള്ള ശാസ്ത്രക്രിയകൾ വഴിയല്ലാതെ ഹൃദയധമനികളിലെ ബ്ലോക്കുകൾ നീക്കം ചെയ്യാൻ അവലംബിക്കുന്ന കാത്തിറ്റർ ചികിത്സയിലെ ശാസ്ത്ര മുന്നേറ്റങ്ങളും രോഗ നിർണയത്തിലും ചികിത്സയിലും പ്രയോജനപ്പെടുത്തുന്ന അത്യന്താധുനിക സാങ്കേതിക വിദ്യകളും സമ്മേളനം ചർച്ച ചെയ്തുവെന്ന് ഓർഗനൈസിങ്ങ് സെക്രട്ടറി ഡോ. രാജേഷ് ടി. പറഞ്ഞു. നാല് സെഷനുകൾ അടങ്ങുന്ന സമഗ്രമായ ഫെല്ലോസ് കോഴ്സോടെ വെള്ളിയാഴ്ചയാണ് സമ്മേളനം ആരംഭിച്ചത്.

രണ്ട് ദിവസത്തെ ശാസ്ത്ര സെഷനുകളിൽ കാഠിന്യമേറിയ കാൽസിഫൈഡ് ബ്ലോക്കുകൾ ഡ്രിൽ ചെയ്ത് നീക്കുന്ന ശാസ്ത്രക്രിയകൾ, സ്റ്റെമി മാനേജ്മെന്റ്, രക്തം കട്ടപിടിച്ചുണ്ടാകുന്ന പ്രശ്നങ്ങൾ, നൂതന സ്റ്റെന്റുകൾ, നെഞ്ച് തുറക്കാതെ തന്നെ കേടായ ഹൃദയ വാൽവ് മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടികൾ, ലെഡ്‌ലെസ് പേസ്മേക്കർ സാങ്കേതികവിദ്യ, ഹൃദ്രോഗ നിർണ്ണയത്തിനും ഇന്റർവെൻഷൻ ശസ്ത്രക്രിയക്കും ആവശ്യമായ കോറോണറി ഇമേജിംങ്ങ് സാങ്കേതിക വിദ്യകൾ, ബ്ലോക്കുകളുടെ കാഠിന്യം നിശ്ചയിക്കുന്ന ഫിസിയോളജി തുടങ്ങിയ സാങ്കേതിക വിദ്യകൾ എന്നിവയെല്ലാം ചർച്ചാ വിഷയമായി.സംസ്ഥാനത്തിന്റെ വിവധ ഭാഗങ്ങളിൽ നിന്നായി മുന്നൂറിലധികം ഹൃദ്രോഗ വിദഗ്ധർ സമ്മേളനത്തിൽ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

## എറണാകുളം മാർക്കറ്റ് സമുച്ചയം ഉദ്ഘാടനം ചെയ്തു

# വാണിജ്യ രംഗത്തിന് പുത്തൻ ചുവടുവയ്പ്പാകും: മുഖ്യമന്ത്രി




**കൊച്ചി:** എറണാകുളം ജില്ലയുടെ വാണിജ്യ രംഗത്ത് പുത്തൻ ചുവടുവയ്പ്പാകും അത്യാധുനിക സൗകര്യങ്ങളോടുകൂടിയ മാർക്കറ്റ് സമുച്ചയമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കേന്ദ്രസർക്കാരിന്റെ പിന്തുണയോടെ പണികഴിപ്പിച്ച എറണാകുളം മാർക്കറ്റ് കോംപ്ലക്സ് ഉദ്ഘാടനവും മൾട്ടിലെവൽ കാർ പാർക്കിംഗ് സംവിധാനത്തിന്റെ നിർമ്മാണോദ്ഘാടനവും നിർവ്വഹിക്കുകയായിരുന്നു മുഖ്യമന്ത്രി. 2022 ലാണ് വാണിജ്യ സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിച്ചത്. വ്യാപാര സമൂഹത്തിന്റെയും പൊതുജനങ്ങളുടെയും താൽപര്യം മുൻനിർത്തി ഒരു ദിവസം പോലും മുടങ്ങാതെയാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നത്. നാടിന്റെ വികസന കാര്യങ്ങളിൽ എല്ലാവരും കൈകോർത്തു. കെട്ടിടം പണിയുക എന്നത് അത്ര എളുപ്പമല്ല. കച്ചവടക്കാർ വിശ്വാസപൂർവം സഹകരിച്ചു. അതുകൊണ്ടുതന്നെ നിർമാണം സമയബന്ധിതമായി തീർക്കാൻ സാധിച്ചതും മാതൃകാപരമാണ്.

ഇവിടെ മാത്രമല്ല, എല്ലായിടത്തും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക എന്ന നയമാണ് സംസ്ഥാന സർക്കാരിനുള്ളത്.

ആകെ 4 നിലകളിലായി രണ്ടു ലക്ഷത്തോളം ചതുരശ്ര അടിയിലാണ് മാർക്കറ്റ് കോംപ്ലക്സ് ഒരുക്കിയിരിക്കുന്നത്. 73 കോടി രൂപയാണ് ഇതിനായി ചിലവഴിച്ചത്. മൂന്നു നിലകളിലായി 275 ഷോപ്പുകളാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്. അതോടൊപ്പം തന്നെ ഒരു നിലയിൽ ഫുഡ് കോർട്ടിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. പഴയ മാർക്കറ്റ് നിലനിന്നിരുന്ന 1.63 ഏക്കർ സ്ഥലത്താണ് പുതിയ കോംപ്ലക്സ് ഒരുക്കിയിരിക്കുന്നത്. ഇതിനോടനുബന്ധിച്ച് മൾട്ടിലെവൽ കാർ പാർക്കിംഗ് സൗകര്യവും ഒരുങ്ങുകയാണ്. 25 കോടി രൂപ ചിലവിൽ നിർമ്മിക്കുന്ന പാർക്കിംഗ് കേന്ദ്രത്തിൽ 120 കാറുകളും 100 ഇരുചക്രവാഹനങ്ങളും പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടാകും. ഇത്തരം നിർമ്മാണങ്ങൾ സുസ്ഥിരവും പ്രകൃതിസൗഹൃദവും ആയിരിക്കണം എന്നതാണ് സർക്കാരിന്റെ നയം. അതുകൊണ്ടുതന്നെ ഈ സമുച്ചയത്തിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് 40 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പാനലുകൾ ഒരുക്കിയിട്ടുണ്ട്.

പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങളെ നവീകരിക്കുന്നതിനുള്ള പദ്ധതിയും ആവിഷ്ക്കരിച്ചു നടപ്പാക്കിവരികയാണ്. ഫോർട്ട് കൊച്ചി ബീച്ച്, വാസ്കോഡഗാമ സ്ക്വയർ, നെഹ്റു പാർക്ക്, ഡച്ച് പാലസ്, ജയിൽ മ്യൂസിയം, ജ്യൂ സ്ട്രീറ്റ് എന്നിവ നവീകരിച്ചിട്ടുണ്ട്. മറൈൻ ഡ്രൈവ് നടപ്പാതയുടെ നവീകരണം പൂർത്തിയാക്കിയിട്ടുണ്ട്. മാലിന്യ സംസ്കരണ രംഗത്തും കാര്യക്ഷമമായ ഇടപെടലുകൾ ഉണ്ടാവുകയാണ്.

കൊച്ചിയെ ഹരിത നഗരമാക്കി മാറ്റുന്നതിന് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുകയും റൂഫ് ടോപ്പ് സോളാർ പദ്ധതിക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്. ആരോഗ്യ വിദ്യാഭ്യാസ മേഖലകളിലും കാര്യക്ഷമമായ ഇടപെടലുകൾ നടക്കുകയാണ്. സംസ്ഥാനമാകെ മാലിന്യ മുക്തമാക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്തിരിക്കുകയാണ് വെള്ളം ശുദ്ധമാക്കുന്നതിനു ഏറെ പ്രാധാന്യം നൽകുന്നുണ്ട്. ആദ്യ ഘട്ടം കൊണ്ടുതന്നെ മാലിന്യസംസ്കരണത്തിനായുള്ള അടിസ്ഥാന ഘടകങ്ങൾ ഒരുക്കുന്നതിൽ നല്ല രീതിയിൽ മുന്നേറാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. ഹരിത കർമ്മസേനയും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും എല്ലാം ഇന്ന് സജീവമാണ്

നഗരങ്ങളിൽ ജല ഉപയോഗം അനുദിനം വർദ്ധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ജലമുണ്ടായാൽ മാത്രം പോരാ, അവ ശുദ്ധമായിരിക്കുകയും വേണം. കൊച്ചിയെ സംബന്ധിച്ച് ജലസമൃദ്ധിക്ക് കുറവില്ല. പക്ഷേ, അത് എത്ര മാത്രം ഉപയോഗിക്കാൻ കഴിയുന്നുണ്ട് എന്നത് പരിശോധിക്കണം. ഈ നഗരത്തിൽ തന്നെ നിരവധി ജലാശയങ്ങൾ ഉപയോഗശൂന്യമായി കിടക്കുന്നു എന്നതാണ് വസ്തുത. പ്രാദേശിക സമിതികളുടെ സഹകരണത്തോടെ ഇവയെ പുനരുജ്ജീവിപ്പിച്ചാൽ തന്നെ എത്രമാത്രം വെള്ളം നഗരത്തിന് ലഭ്യമാക്കാൻ കഴിയും. ഈ നിലയ്ക്കുള്ള മുൻകൈകൾ നടത്താനും ജലാശയങ്ങളെ പുനരുജ്ജീവിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും കഴിയണം.

ചടങ്ങിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ് അധ്യക്ഷനായി. വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് മുഖ്യാതിഥിയായി. എറണാകുളം എം പി ഹൈബി ഈഡൻ, എംഎൽഎമാരായ ടി ജെ വിനോദ്, ഉമ തോമസ്, കൊച്ചി മേയർ എം അനിൽ കുമാർ, ഡെപ്യൂട്ടി മേയർ കെ എ ആൻസിയ, സിഎസ്എംഎൽ സിഇഒ ഷാജി വി നായർ ,സിറ്റി പോലീസ് കമ്മീഷണർ പുട്ട വിമലാദിത്യ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# സംസ്ഥാനത്ത് മുണ്ടിനീര് ബാധിതർ 70,000 കടന്നു

**തിരുവനന്തപുരം:** സംസ്ഥാനത്തു കുട്ടികൾക്കിടയിൽ മുണ്ടിനീർ (മംപ്സ്) വ്യാപകമാകുന്ന സാഹചര്യത്തിൽ എംഎംആർ വാക്സീൻ അനുവദിക്കണമെന്നു കേരളം കേന്ദ്രത്തോട് ആവശ്യപ്പെട്ടു.

സംസ്ഥാന ആരോഗ്യ ഡയറക്ടറേറ്റ് ഉദ്യോഗസ്ഥരുമായി കേന്ദ്ര ഉദ്യോഗസ്ഥർ നടത്തിയ ചർച്ചയിലാണ് ആവശ്യം ഉന്നയിച്ചത്.

സംസ്ഥാനത്തു മുണ്ടിനീർ ബാധിച്ചവരുടെ എണ്ണം 70,000 കടന്നു. ഈ സാഹചര്യം ഗൗരവത്തോടെ കാണണമെന്നും മരണം റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിലും മുണ്ടിനീർ ബാധിതർക്കു ഭാവിയിൽ ഉണ്ടായേക്കാവുന്ന ആരോഗ്യപ്രശ്നങ്ങൾ കണക്കിലെടുക്കണമെന്നും കേരളം ആവശ്യപ്പെട്ടു.

ഉന്നതതല യോഗത്തിൽ വിഷയം അവതരിപ്പിക്കാമെന്നായിരുന്നു കേന്ദ്ര ഉദ്യോഗസ്ഥരുടെ പ്രതികരണം. മീസിൽസും റുബെല്ലയും പ്രതിരോധിക്കാനുള്ള എംആർ വാക്സീൻ ഇപ്പോൾ കുട്ടികൾക്കു സൗജന്യമായി നൽകുന്നുണ്ട്.

മംപ്സ് പ്രതിരോധമരുന്നുകൂടി ഉൾപ്പെടുന്ന എംഎംആർ വാക്സീനാണ് കേരളത്തിനു വേണ്ടത്. സ്വകാര്യമേഖലയിൽ ശരാശരി 650 രൂപയാണ് വാക്സീന്റെ വില.



# എറണാകുളം പ്രസ് ക്ലബ്ബ് 56ാം സ്ഥാപക ദിനം ആഘോഷിച്ചു

**കൊച്ചി:** എറണാകുളം പ്രസ് ക്ലബ്ബിന്റെ 56ാം സ്ഥാപക ദിനം ആഘോഷിച്ചു. പ്രസ് ക്ലബ്ബ് അല്ലിയാമ്പൽ കടവിൽ നടന്ന ആഘോഷം എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ.സി വേണുഗോപാൽ എം.പി ഉദ്ഘാടനം ചെയ്തു. മാധ്യമപ്രവർത്തനം വലിയ വെല്ലുവിളി നേരിടുന്ന കാലഘട്ടത്തിലൂടെയാണ് കടന്നു പോകുന്നതെന്ന് കെ.സി വേണുഗോപാൽ എം.പി പറഞ്ഞു.

ഭീഷണികൾക്കിടയിലും സത്യാന്വേഷകരായി മാധ്യമപ്രവർത്തകർ മാറുന്നുവെന്നത് ആശ്വാസകരമാണ്. എന്നാൽ ഇതിന് വിഘാതമായി മാധ്യമപ്രവർത്തനത്തിന്റെ എല്ലാ സീമകളും ലംഘിക്കുന്നവരുമുണ്ട്. വാർത്തയുടെ ഉറവിടം ഏതാണെന്ന് സ്ഥിരീകരിക്കാൻ പോലും ശ്രമിക്കുന്നില്ല.സ്വന്തം വിശ്വാസ്യത തകർക്കുന്ന മാധ്യമപ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കാനാകില്ലെന്നും അദ്ദേഹം പറഞ്ഞു. പ്രസ്ക്ലബ്ബ് പ്രസിഡന്റ് ആർ.ഗോപകുമാർ അധ്യക്ഷത വഹിച്ചു. സെക്രട്ടറി എം.ഷജിൽ കുമാർ, ട്രഷറർ അഷ്റഫ് തൈവളപ്പ്, ഡി.സി.സി പ്രസിഡന്റ് മുഹമ്മദ് ഷിയാസ്, കെ.പി.സി.സി ജനറൽ സെക്രട്ടറി ദീപ്തി മേരി വർഗീസ്, സി.ഐ.സി.സി ജയചന്ദ്രൻ, മുതിർന്ന മാധ്യമപ്രവർത്തകൻ സജീവ്കുമാർ തുടങ്ങിയവർ പങ്കെടുത്തു.

# മുല്ലപ്പെരിയാർ: അറ്റകുറ്റപ്പണിക്ക് കേരളത്തിന്റെ അനുമതി

**തിരുവനന്തപുരം:** മുല്ലപ്പെരിയാർ അണക്കെട്ടിൽ അറ്റകുറ്റപ്പണികൾ മാത്രം നടത്താൻ തമിഴ്നാടിന് കേരളം അനുമതി നൽകി. 7 ജോലികൾക്ക് നിബന്ധനകളോടെയാണ് അനുമതി. പുതിയ അണക്കെട്ട് നിർമിക്കുന്നതു വരെ ജനങ്ങളുടെ ഭീതി ഒഴിവാക്കാനായി നിലവിലുള്ള അണക്കെട്ടിൽ താൽക്കാലിക അറ്റകുറ്റപ്പണികൾക്ക് മാത്രമാണ് അനുമതി നൽകിയിരിക്കുന്നതെന്ന് ജലവിഭവ അഡിഷനൽ ചീഫ് സെക്രട്ടറി ബിശ്വാസ് മേത്തയുടെ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

അണക്കെട്ടിലും സ്പിൽവേയിലും സിമന്റ് പെയ്ന്റിങ് ഉൾപ്പെടെയുള്ള അറ്റകുറ്റപ്പണികളാണ് നടത്താൻ തമിഴ്നാട് ഉദ്ദേശിക്കുന്നത്. മുല്ലപ്പെരിയാറിൽ സുരക്ഷാ പരിശോധന നടത്തിയ ശേഷം മാത്രം അറ്റകുറ്റപ്പണികൾ നടത്തിയാൽ മതിയെന്നായിരുന്നു കേരളത്തിന്റെ നിലപാട്. ആദ്യം അറ്റകുറ്റപ്പണി, അതിനു ശേഷം സുരക്ഷാ പരിശോധന എന്ന നിലപാടായിരുന്നു തമിഴ്നാടിന്. എന്നാൽ കേരളം നിലപാട് മാറ്റി.

അണക്കെട്ടിൽ അറ്റകുറ്റപ്പണിക്കായി എത്തിയ തമിഴ്നാട് സംഘത്തെ കേരള വനം വകുപ്പ് തടഞ്ഞത് വിവാദമായിരുന്നു. തമിഴ്നാട് മുഖ്യമന്ത്രി എം.കെ.സ്റ്റാലിൻ കേരള സന്ദർശന വേളയിൽ മുഖ്യമന്ത്രി പിണറായി വിജയനുമായി മുല്ലപ്പെരിയാർ വിഷയത്തെക്കുറിച്ച് ചർച്ച നടത്തുമെന്നു തമിഴ്നാട് ജലവിഭവ മന്ത്രി ദുരൈമുരുകൻ നിയമസഭയിൽ പറഞ്ഞിരുന്നു. സ്റ്റാലിൻ കേരളത്തിൽ എത്തിയപ്പോൾ തന്നെ അറ്റകുറ്റപ്പണിക്കുള്ള സാമഗ്രികൾ അണക്കെട്ടിലേക്കു കൊണ്ടുപോകാൻ തമിഴ്നാടിന് അനുമതി നൽകി കേരളം ഈ മാസം 11 ന് ഉത്തരവിറക്കുകയായിരുന്നു.

# ഇ എം സി ദേശീയ ഊർജ്ജ സംരക്ഷണ ദിനം ആചരിച്ചു

**തിരുവനന്തപുരം:** എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി) എ.പി.ജെ അബ്ദുൾകലാം ടെക്നിക്കൽ യൂണിവേഴ്സിറ്റി എൻ.എസ്.എസ് സെല്ലുമായി ചേർന്ന് ദേശീയ ഊർജ സംരക്ഷണ ദിനാചരണം സംഘടിപ്പിച്ചു. ഇന്ത്യാ ഗവൺമെന്റ് ഊർജമന്ത്രാലയത്തിന് കീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി ആണ് ഈ ദിനം രാജ്യത്താകമാനം സംഘടിപ്പിക്കുന്നത്. ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യം തിരിച്ചറിയുക, ഊർജ്ജ കാര്യക്ഷമതയിലും സംരക്ഷണത്തിലും രാജ്യം കൈവരിച്ച നേട്ടങ്ങളുടെ അവതരണം, എല്ലാ മേഖലയിലും ഊർജ്ജ കാര്യക്ഷമത ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയാണ് ഈ ദിനാചരണത്തിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത്.

# സഹകരണ മേഖലയിലെ നിക്ഷേപങ്ങൾ സുരക്ഷിതം: മുഖ്യമന്ത്രി

**കൊച്ചി:** സഹകരണ മേഖലയിൽ നിക്ഷേപിക്കുന്ന ചില്ലിക്കാശു പോലും സുരക്ഷിതമായിരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഒറ്റപ്പെട്ട സംഭവങ്ങളുടെ പേരിൽ സഹകരണ മേഖലയെ തകർക്കാനാണ് ശ്രമം നടന്നതെന്ന് അദ്ദേഹം പറഞ്ഞു. മുപ്പത്തടം സർവീസ് സഹകരണ ബാങ്കിന്റെ പുതിയ മന്ദിരം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

കേരളസമൂഹത്തിന്റെ നട്ടെല്ലായ സഹകരണ മേഖലയെ തകർത്താൽ മാത്രമേ കേരളത്തിൽ നിലനിൽക്കുന്ന ഐക്യവും സമാധാനവും തൊഴിലാളിവർഗ്ഗ കാഴ്ചപ്പാടുമെല്ലാം ഇല്ലാതാക്കാൻ കഴിയൂവെന്ന് ചില ഛിദ്രശക്തികൾക്കറിയാം. അതുകൊണ്ടുതന്നെയാണ് കേരളത്തിലെ സഹകരണ മേഖലയ്ക്കെതിരെ വലിയ തോതിലുള്ള ആക്രമണം നടക്കുന്നത്. ഒറ്റപ്പെട്ട സംഭവങ്ങളുടെ പേരിൽ സഹകരണ മേഖലയെയും പുരോഗമന പ്രസ്ഥാനങ്ങളെയും ഒന്നാകെ തകർത്തുകളയാമെന്ന് കരുതി ചിലർ മുന്നിട്ടിറങ്ങുന്നുണ്ട്. അതിനെതിരായ ചെറുത്തുനിൽപ്പും മറുപടിയുമാകണം മുപ്പത്തടം സർവീസ് സഹകരണ ബാങ്ക് പോലെയുള്ള ജനകീയ സ്ഥാപനങ്ങളുടെ പ്രവർത്തനം മുഖ്യമന്ത്രി പറഞ്ഞു.

കേരളത്തിലെ സഹകരണ മേഖലയിൽ ഏതെങ്കിലും തരത്തിലുള്ള അവിശുദ്ധ കാര്യങ്ങൾ ഉണ്ടായാൽ അതിനെതിരെ തുടർന്നും കർശന നടപടിയുണ്ടാകും. വിശ്വാസ്യതയാണ് എക്കാലവും ഈ മേഖലയെ വളർത്തിയിട്ടുള്ളത്. ഇതിൽ സഹകാരികളുടെ അർപ്പണബോധത്തോടെയുള്ള പ്രവർത്തനം ഏറെ സഹായകരമായിട്ടുണ്ട്.

സഹകരണ സ്ഥാപനത്തിൽ നിക്ഷേപിക്കുമ്പോൾ നമ്മൾ സമൂഹത്തെ സഹായിക്കുക കൂടെയാണ് ചെയ്യുന്നത്. വായ്പ നൽകുന്നതിന്റെ പരിധിയിൽ നിന്നുകൊണ്ട് കൂടുതൽ തുക വായ്പയായി നൽകുന്ന സ്ഥാപനങ്ങളാണ് കേരളത്തിലുള്ളത്. വായ്പ നൽകൽ മാത്രമല്ല ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന ഒട്ടേറെ പ്രവർത്തനങ്ങൾ സഹകരണ സംഘങ്ങൾ വഴി നടപ്പിലാക്കുന്നുണ്ട്.

ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾക്കനുസരിച്ചാണ് ഓരോ സഹകരണ ബാങ്കും പ്രവർത്തിക്കുന്നത്. ക്രഡിറ്റ് സംഘങ്ങൾക്ക് മാതൃകാപരമായ ഇടപെടൽ നടത്താൻ കഴിഞ്ഞതിന്റെ ഭാഗമായാണ് കേരള ബാങ്ക് രൂപീകൃതമായത്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനമായി കേരള ബാങ്ക് മാറിയിരിക്കുന്നു. എല്ലാ സഹകരണ സ്ഥാപനങ്ങളും കേരള ബാങ്കിന്റെ ഭാഗമായാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അത് കൂടുതൽ ശക്തി പ്പെടും.

കേരളത്തിലെ സഹകരണ മേഖലയിൽ രണ്ടര ലക്ഷം കോടിയോളം രൂപയുടെ നിക്ഷേപമുണ്ട്. ഈ സഹകരണ സ്ഥാപനങ്ങളെ തകർത്തുകൊണ്ട് ഈ പണമെല്ലാം വാണിജ്യ ബാങ്കുകളുടെ കൈകളിലെത്തിച്ചാൽ അവ കോർപ്പറേറ്റുകൾക്ക് യഥേഷ്ടം നൽകാനാകുമെന്ന ചിലരുടെ കുത്സിത ചിന്ത കൂടിയാണ് സഹകരണ സ്ഥാപനങ്ങൾക്കെതിരായ പ്രചാരണത്തിനു പിന്നിൽ. കഴിഞ്ഞ പത്തു വർഷംകൊണ്ട് 15 ലക്ഷത്തോളം കോടി രൂപയാണ് കോർപ്പറേറ്റുകളുടെ വായ്പാ ഇനത്തിൽ ബാങ്കുകൾ എഴുതിത്തള്ളിയത്. ഈ പണം ഈടാക്കാൻ പല തരത്തിലുള്ള ചാർജ്ജുകൾ സാധാരണക്കാർക്കു മേൽ അടിച്ചേൽപ്പിക്കുകയാണ്. കോർപ്പറേറ്റുകൾക്ക് സാധാരണക്കാരന്റെ പണം യഥേഷ്ടം നൽകാനുള്ള ഉപാധിയായിക്കൂടിയാണ് സഹകരണ മേഖലയെ തകർക്കാനുള്ള പ്രവർത്തനങ്ങൾ ചിലർ ഏറ്റെടുക്കുന്നത്.

ഈ മാതൃക നേരത്തെ തന്നെ പല സംസ്ഥാനങ്ങളിലും നമ്മൾ കണ്ടതാണ്. . മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ കൂണുകൾ പോലെ മുളച്ചുപൊങ്ങുകയും അവ സാധാരണക്കാരുടെ പണം തട്ടിയെടുക്കുകയും ചെയ്യുന്നു. ഇതുകൂടാതെയാണ് ന്യൂ ജനറേഷൻ ബാങ്കുകൾ നടത്തുന്ന കള്ളപ്പണം വെളുപ്പിക്കലും ദേശസാത്ക്കൃത ബാങ്കുകകളിൽ നടക്കുന്ന വായ്പാ തട്ടിപ്പും. ഇവയ്ക്കൊന്നുമെതിരെ അന്വേഷണങ്ങൾ ഉണ്ടാകുന്നില്ല.

കേരളത്തിൽ നിലവിലുള്ള 16,000 ത്തിലധികം സഹകരണ സ്ഥാപനങ്ങളിൽ ഒന്നോ രണ്ടോയിടത്ത് നടന്ന ക്രമക്കേടുകളെ വലിയ സംഭവമാക്കി കാണിക്കാനുള്ള ശ്രമങ്ങളാണ് നടക്കുന്നത്. സഹകരണ സംഘങ്ങളിൽ പണം നിക്ഷേപിച്ചവർക്ക് അതു സംബന്ധിച്ച് യാതൊരു ആശങ്കയും വേണ്ടെന്ന് ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. പ്രതിസന്ധിയിലാകുന്ന സഹകരണ സംഘങ്ങളെ കൈവിടുകയല്ല, കൈപിടിച്ചുയർത്തുകയാണ് സംസ്ഥാന സർക്കാർ ചെയ്യുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

മുപ്പത്തടം സർവീസ് സഹകരണ ബാങ്ക് മോണിംഗ് ആന്റ് ഇവനിംഗ് ശാഖയുടെ ഉദ്ഘാടനം വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് നിർവഹിച്ചു. ബാങ്ക് പ്രസിഡന്റ് വി എം ശശി, മുൻ മന്ത്രി എസ് ശർമ്മ, ജിസി ഡി എ ചെയർമാൻ കെ ചന്ദ്രൻ പിള്ള, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ കെ വി രവീന്ദ്രൻ, യേശുദാസ് പറപ്പിള്ളി, ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രമ്യ തോമസ്, എറണാകുളം ജില്ലാ ബാങ്ക് പ്രസിഡന്റ് എം എം മോനായി, സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ എം കെ ബാബു, ബാങ്ക് വൈസ് പ്രസിഡന്റ് സി ജി വേണുഗോപാൽ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു



# കുറ്റ മോർ കൂറിലോസ് സൺഡേ സ്കൂൾ ശതാബ്ദി ആഘോഷം നടത്തി

**കോലഞ്ചേരി:** കുറ്റ സെന്റ് ജോർജ് യാക്കോബായ സുറിയാനി പള്ളിയിലെ മോർ കൂറിലോസ് സൺഡേ സ്കൂളിലെ ശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനം ഗോവ ഗവർണർ അഡ്വ. പി എസ് ശ്രീധരൻ പിള്ള നിർവഹിച്ചു. ഭദ്രാസന മെത്രാപ്പോലീത്ത എബ്രഹാം മോർ സേവേറിയോസ് അധ്യക്ഷത വഹിച്ചു, പി വി ശ്രീനിജൻ എംഎൽഎ സ്മരണിക പ്രകാശനവും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ കലണ്ടർ പ്രകാശനവും നിർവഹിച്ചു, വികാരി ഫാ.തോമസ് ചെമ്പോത്തുംകൂടി, പഞ്ചായത്ത് പ്രസിഡന്റ് സോണിയ മുരുകേശൻ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ജൂബിൾ ജോർജ്, എം ജെ എസ് എസ് എ ജനറൽ സെക്രട്ടറി ഏലിയാസ് പി വി , ബേബി ജോൺ കോർറെപ്പിസ്കോപ്പ പള്ളി ട്രസ്റ്റിമാരായ എൽഡോസ് കോച്ചാട്ട്, എൽദോ പറപ്പിള്ളികുഴി, സൺഡേ സ്കൂൾ പള്ളിക്കര ഡിസ്ട്രിക്ട് ഇൻസ്പെക്ടർ സാബു വർഗീസ്, സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ ഷെവ.കെ പി കുര്യാക്കോസ്, പിടിഎ പ്രസിഡണ്ട് സാബു ഐസക് എന്നിവർ പ്രസംഗിച്ചു.




വൈദ്യുതി ചാർജ് വർധനവ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് ട്വന്റി 20 പാർട്ടി വൈറ്റില ജംഗ്ഷനിൽ നടത്തിയ പ്രതിഷേധ സായാഹ്ന ധർണ്ണ സംസ്ഥാന വൈസ് പ്രസിഡന്റ് വി. ഗോപകുമാർ ഉദ്ഘാടനം ചെയ്യുന്നു. സംസ്ഥാന ഭാരവാഹികളായ അഡ്വ. ചാർളി പോൾ, ഡോ. ഹാറൂൺ എം. പിള്ളൈ, ലീന സുഭാഷ് , ജോസ് പ്ലാക്കൽ എന്നിവർ സമീപം

# വൈദ്യുതി ചാർജ് വർധനവിനെതിരെ ട്വന്റി 20 പാർട്ടി പ്രതിഷേധ സായാഹ്ന ധർണ്ണ നടത്തി

**കൊച്ചി:** വൈദ്യുതി നിരക്ക് വർധനവിനെതിരെ ട്വന്റി 20 പാർട്ടിയുടെ നേതൃത്വത്തിൽ വൈറ്റില ജംഗ്ഷനിൽ പ്രതിഷേധ സായാഹ്ന ധർണ്ണ നടത്തി.

വില വർധനവ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് നടത്തിയ സായാഹ്ന ധർണ്ണ പാർട്ടി സംസ്ഥാന വൈസ് പ്രസിഡന്റ് വി. ഗോപകുമാർ ഉദ്ഘാടനം ചെയ്തു.ധർണ്ണയിൽ പങ്കെടുത്ത് സംസ്ഥാന ഭാരവാഹികളായ അഡ്വ ചാർളി പോൾ, ഡോ. ഹാറൂൺ എം പിള്ളൈ, ബെന്നി ജോസഫ് ,ലീന സുഭാഷ്, ജോസ് പ്ലാക്കൽ, ഡോ. വർഗ്ഗീസ് ജോർജ്ജ്, അഡ്വ സണ്ണി ഡേവീസ് , സിബി വർഗ്ഗീസ് ', റെജി പ്രകാശ്, ടെനി തോമസ്, റിജോ എബ്രഹാം,ജോയി ജോൺ പൊറത്തൂക്കാരൻ എന്നിവർ പ്രസംഗിച്ചു.

# ഗസ്റ്റ് ട്രേഡ്സ്മാൻ

**മലപ്പുറം:** ചേളാരിയിൽ പ്രവർത്തിക്കുന്ന തിരൂരങ്ങാടി എ.കെ. എൻ.എം. ഗവ. പോളിടെക്നിക്ക് കോളേജിൽ ഒഴിവുള്ള ട്രേഡ്സ്മാൻ (കമ്പ്യൂട്ടർ, ഇലക്ട്രോണിക്സ്) തസ്തികയിലേക്ക് നിയമനത്തിനായി അപേക്ഷ ക്ഷണിച്ചു. ടി.എച്ച്.എസ്.എൽ.സി/ഐ.ടി.ഐ ആണ് യോഗ്യത. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ ഡിസംബർ 18ന് രാവിലെ 10ന് പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം പ്രിൻസിപ്പൽ മുമ്പാകെ കൂടിക്കാഴ്ചക്ക് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 9446068906.

# ലൈഫ് ഭവന പദ്ധതി പട്ടികയിലുള്ള മുഴുവൻ പേർക്കും വീട് നൽകും: മന്ത്രി എം ബി രാജേഷ്

**കൊച്ചി:** ലൈഫ് ഭവന പദ്ധതി പട്ടികയിലെ മുഴുവൻ പേർക്കും വീട് നൽകുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് മന്ത്രി എം ബി രാജേഷ്. ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ ലൈഫ് വീടുകളുടെ താക്കോൽദാനവും ഗുണഭോക്താക്കളുടെ സംഗമവും ഒമ്പതാം വാർഡിലെ സ്മാർട്ട് അംഗനവാടിയുടെ ഉദ്ഘാടനവും നിർവഹിക്കുകയായിരുന്നു മന്ത്രി.

13 ലക്ഷം പേരാണ് സംസ്ഥാനത്ത് ലൈഫ് ഭവന പദ്ധതി പട്ടികയിലുള്ളത്. 5,31000 പേർ വീടു പണിക്ക് കരാറിലേർപ്പെട്ടു. 4,21,795 പേർ വീട് പണി പൂർത്തിയാക്കി. ഇത്രയും പേർക്ക് അടച്ചുറപ്പുള്ള സുരക്ഷിത ഭവനം നൽകാൻ കഴിഞ്ഞു. 1,0,9000 വീടുകൾ നിർമ്മാണ പുരോഗതിയിലാണ്. പട്ടികയിൽ അവശേഷിക്കുന്ന മുഴുവനാളുകൾക്കും വീട് നൽകണമെന്നാണ് സർക്കാർ ലക്ഷ്യം. 8 ലക്ഷം പേർക്ക് കൂടി വീട് ലഭിക്കാനുണ്ടെന്ന് കെ. ബാബു എംഎൽ എ ചടങ്ങിൽ ചൂണ്ടിക്കാട്ടിയ കാര്യം മന്ത്രി ഓർമ്മിപ്പിച്ചു.

ഭവന നിർമ്മാണത്തിന് ഇന്ത്യയിൽ ഏറ്റവും ഉയർന്ന തുക നൽകുന്നത് കേരളമാണ്. നാലുലക്ഷം രൂപയാണ് കേരളം നൽകുന്നത്. കേരളം കഴിഞ്ഞാൽ ഉയർന്ന തുക ആന്ധ്രപ്രദേശ് നൽകുന്ന ഒരു ലക്ഷത്തി എൺപതിനായിരം രൂപയാണ്. ഇതര സംസ്ഥാനങ്ങളിൽ പിഎംഎവൈ പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകളേക്കാൾ മികച്ച നിലവാരമുള്ളതാണ് കേരളത്തിലെ വീടുകൾ. ഈ വ്യത്യാസമുള്ളതുകൊണ്ടാണ് ഇവിടെ കൂടുതൽ തുക ചെലവഴിക്കേണ്ടി വരുന്നത്.

ലൈഫ് പദ്ധതിയിൽ 18,080 കോടി രൂപയാണ് ഇതുവരെ ചെലവഴിച്ചത്. ഇതിൽ 2080 കോടി രൂപയാണ് കേന്ദ്ര വിഹിതം. 16000 കോടി രൂപ സംസ്ഥാന സർക്കാരും തദ്ദേശസ്ഥാപനങ്ങളും ചേർന്ന് വഹിക്കുന്നു. സംസ്ഥാന ബജറ്റ്, തദ്ദേശ സ്ഥാപന വിഹിതം, ഹഡ്കോ വായ്പ എന്നിവയിൽ നിന്നാണ് ഈ തുക കണ്ടെത്തുന്നത്. ലൈഫ് വീടുകളെ ബ്രാൻഡ് ചെയ്യാനുള്ള കേന്ദ്ര സർക്കാരിൻറെ ശ്രമം കേരളം എതിർത്തു. ഓരോ വീട്ടിലും അന്തസായി ജീവിക്കാനുള്ള അവകാശം ജനങ്ങൾക്കുണ്ട്.

ലൈഫ് പദ്ധതി പ്രകാരം അതിദരിദ്രർക്ക് മുൻഗണന നൽകുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ പ്രത്യേകം ശ്രദ്ധിക്കണമെന്ന് മന്ത്രി പറഞ്ഞു. ഈ വർഷത്തെ പട്ടികയിൽ പഞ്ചായത്തിലെ മുഴുവൻ അതിദരിദ്രർക്കും വീട് നൽകണമെന്ന് മന്ത്രി നിർദേശിച്ചു. അതിദരിദ്രർക്ക് മുൻഗണന നൽകാത്ത തദ്ദേശ സ്ഥാപനങ്ങൾക്ക് പണം അനുവദിക്കില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

ഉദയം പേരൂർ പഞ്ചായത്തിൽ ലൈഫ് പദ്ധതിയിൽ 522 പേരാണ് ഗുണഭോക്താക്കൾ. ഇതിൽ 263 വീടുകളുടെ നിർമ്മാണമാണ് ആരംഭിച്ചിരിക്കുന്നത്.




# ക്ഷയരോഗ നിർമാർജ്ജനം: നൂറു ദിന കർമ്മപദ്ധതിയുമായി അമൃത ആശുപത്രി

**കൊച്ചി:** ക്ഷയരോഗത്തിനെതിരായ പോരാട്ടം ത്വരിതപ്പെടുത്താനുള്ള ദേശീയ ക്ഷയരോഗ നിർമാർജന പരിപാടിയുടെ ഭാഗമായി കൊച്ചി അമൃത ആശുപത്രിയിലെ ക്ഷയരോഗ നിർമ്മാർജന യൂണിറ്റ് സംഘടിപ്പിക്കുന്ന നൂറു ദിന ടിബി നിർമാർജന ക്യാമ്പയിൻ എറണാകുളം ജില്ലാ ടിബി ഓഫീസർ ഡോ. സുനിത വി.എം, അമൃത ആശുപത്രി അഡീഷണൽ മെഡിക്കൽ സൂപ്രണ്ട് ഡോ. ബീന കെ.വി എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു.ജില്ലാ ടിബി സെന്ററിന്റെയും നാഷണൽ യൂത്ത് മൂവ്മെന്റ് എഗൈൻസ്റ്റ് ട്യൂബർകുലോസിസിന്റെയും (നൈമാറ്റ് ) സഹകരണത്തോടെയാണ് ക്യാമ്പയിൻ നടത്തുന്നത്.

ടിബി അതിജീവിതരുടെ സംഗമം, പാലിയേറ്റീവ് കേന്ദ്രങ്ങളിലും ഹൈറിസ്ക് വിഭാഗത്തിലുള്ളവർക്കും ക്ഷയരോഗ സ്ക്രീനിങ്, ജില്ലാ ടിബി സെന്ററിന്റെ സഹകരണത്തോടെ ബോധവൽക്കരണ ക്ലാസുകൾ, മത്സരങ്ങൾ എന്നിവ കർമ്മപദ്ധതിയിൽ ഉൾപ്പെടുന്നു.

പ്രമേഹ രോഗികളിൽ ക്ഷയരോഗം നേരത്തേ കണ്ടെത്താനുള്ള ഡയബറ്റിസ് ടിബി ബൈഡയറക്ഷണൽ സ്ക്രീനിംഗ് വ്യാപകമാക്കാനുള്ള പദ്ധതിയുടെ സ്വിച്ച് ഓൺ അമൃത ആശുപത്രി അഡീഷണൽ മെഡിക്കൽ സൂപ്രണ്ട് ഡോ. ബീന കെ.വി, ജനറൽ മെഡിസിൻ വിഭാഗം മേധാവി ഡോ. എം. ഗോപാലകൃഷ്ണ പിള്ള എന്നിവർ ചേർന്ന് നിർവഹിച്ചു.

ഇന്റർനാഷണൽ യൂണിയൻ എഗൈൻസ്റ്റ് ട്യൂബെർക്കുലോസിസ് ആൻഡ് ലംഗ് ഡിസീസ് എന്ന രാജ്യാന്താര സംഘടനയുടെ സാങ്കേതിക സഹകരണത്തോടെ ഈ പദ്ധതി ശ്വാസകോശരോഗവിഭാഗവും എൻഡോക്രൈനോളജി വിഭാഗവും നിലവിൽ നടത്തി വരുന്നു. നൈമാറ്റ് ഇന്ത്യ പ്രസിഡന്റും നോഡൽ ഓഫീസറുമായ റെസ്പിറേറ്ററി മെഡിസിൻ വിഭാഗം പ്രൊഫസർ ഡോ.അഖിലേഷ് കെ, റെസ്പിറേറ്ററി മെഡിസിൻ വിഭാഗം മേധാവി ഡോ. അസ്മിത മേത്ത, മൈക്രോബയോളജി വിഭാഗം മേധാവി ഡോ. വി അനിൽകുമാർ, ഫാർമക്കോളജി വിഭാഗം മേധാവി ഡോ. പ്രിൻസി പാലാട്ടി, ജനറൽ സർജറി വിഭാഗം പ്രൊഫസർ ഡോ. ജോർജ് മാത്യൂസ് ജോൺ എന്നിവരും മറ്റു വിഭാഗങ്ങളിൽ നിന്നുള്ള പ്രതിനിധികളും ചടങ്ങിൽ പങ്കെടുത്തു.




# റോട്ടറി സ്പെഷ്യൽ സ്കൂൾ കായിക മേള: കാർമൽ ജ്യോതി ചാമ്പ്യൻമാർ

**കൊച്ചി:** സ്പെഷ്യൽ സ്കൂൾ വിദ്യാർഥികൾക്ക് റോട്ടറി ഡിസ്ട്രിക്ട് 3201 സംഘടിപ്പിച്ച റോസസ് റോട്ടറി ഒളിംപിക്സ് ഫോർ സ്പെഷ്യൽ എജുക്കേഷൻ സ്റ്റുഡൻസ് ഒൻപതാമത് എഡിഷനിൽ കാർമൽ ജ്യോതി അടിമാലി തുടർച്ചയായ ആറാം തവണയും ചാമ്പ്യൻമാർ. 130 പോയിന്റുമായാണ് കാർമൽ ജ്യോതി നേട്ടം കൊയ്തത്. ആലുവ യു സി കോളജിൽ നടന്ന മത്സരത്തിൽ 94 പോയിന്റുമായി നിർമല സദൻ മൂവാറ്റുപുഴ രണ്ടാം സ്ഥാനവും 77 പോയിന്റുമായി അനുഗ്രഹ നികേതൻ പന്നിമറ്റം മൂന്നാം സ്ഥാനവും നേടി.റോട്ടറി നിയുക്ത ഡിസ്ട്രിക്ട് ഗവർണർ ഡോ. ജി എൻ രമേഷ് ഉദ്ഘാടനം ചെയ്തു.

റോസസിന്റെ പതാക ഉയർത്തിയ ഡോ. ജി എൻ രമേഷ് കുട്ടികളുടെ മാർച്ച് പാസ്റ്റിന് സല്യൂട്ട് സ്വീകരിച്ചു. എസ് എഫ് ഒ ടെക്നോളജീസ് ജനറൽ മാനേജർ തോമസ് എബ്രഹാം, ഡബ്ല്യു എഫ് ബി ബയ്ഡ് സി ഇ ഒ സുചിത്ര മേനോൻ, റോട്ടറി ഡിസ്ട്രിക്ട് അസിസ്റ്റന്റ് ഗവർണർമാരായ അഡ്വ. മോഹൻകുമാർ, ഗീത, തോമസ്, റോട്ടറി കൊച്ചിൻ വെസ്റ്റ് ക്ലബ്ബ് പ്രസിഡന്റ് സുമൻ ശ്രീധരൻ, ട്രൈസിറ്റി പ്രസിഡന്റ് അരുൺ ജേക്കബ്, പറവൂർ പ്രസിഡന്റ് പ്രേം കുമാർ, റോസസ് ചെയർമാൻ റോമിലാൽ, സെക്രട്ടറി ബിബു പുന്നൂരാൻ, ട്രഷറർ ദിനിൽ തമ്പി, ആലുവ യു സി കോളജ് പ്രിൻസിപ്പൽ മിനി ടീച്ചർ, ഫിസിക്കൽ എജുക്കേഷൻ ടീച്ചർ ബിന്ദു എന്നിവർ പ്രസംഗിച്ചു. എറണാകുളം, ആലപ്പുഴ, കോട്ടയം, തൃശൂർ, ഇടുക്കി ജില്ലകളിലെ 32 സ്പെഷ്യൽ സ്കൂളുകളിൽ നിന്നായി 1200 വിദ്യാർഥികളാണ് റോസസിൽ മാറ്റുരച്ചത്.

# നോർക്ക റൂട്ട്സ് ലോകകേരള സഭ അന്താരാഷ്ട്ര പ്രവാസി ദിനാചരണം 18ന് കോഴിക്കോട്

**കോഴിക്കോട്:** നോർക്ക റൂട്ട്സ് ലോക കേരള സഭ സെക്രട്ടറിയേറ്റിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര പ്രവാസി ദിനാചരണം ഡിസംബർ 18ന് രാവിലെ 10 മുതൽ വൈകിട്ട് ആറുവരെ കോഴിക്കോട് ഹോട്ടൽ മലബാർ പാലസിൽ നടക്കും. രാവിലെ 10ന് നടക്കുന്ന ഉദ്ഘാടന സമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ സന്ദേശം നൽകും. കായികന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി വി. അബ്ദുറഹിമാൻ അന്താരാഷ്ട്ര പ്രവാസി ദിനാചരണം ഉദ്ഘാടനം ചെയ്യും. നോർക്ക റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ അധ്യക്ഷത വഹിക്കും. അഹമ്മദ് ദേവർകോവിൽ എംഎൽഎ, നോർക്ക വകുപ്പ് സെക്രട്ടറി ഡോ. കെ. വാസുകി എന്നിവർ സംസാരിക്കും.

10.30ന് നോർക്ക പദ്ധതികളുടെ അവതരണം നോർക്ക ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശേരി നിർവഹിക്കും. 10.40ന് നോർക്ക പദ്ധതി ഗുണഭോക്താക്കൾ അനുഭവം പങ്കുവയ്ക്കും.

11.30ന് പ്രവാസവും നോർക്കയും: ഭാവി ഭരണനിർവഹണം എന്ന വിഷയത്തിൽ നടക്കുന്ന ചർച്ചയിൽ നോർക്ക പ്രവാസി ക്ഷേമനിധി ബോർഡ് ചെയർമാൻ കെ.വി. അബ്ദുൾ ഖാദർ, എംജി സർവകലാശാല ഐയുസിഎസ്എസ്ആർഇ ഡയറക്ടർ ഡോ. കെ.എം. സീതി, എൻആർഐ കമ്മിഷൻ മെമ്പർ പി.എം. ജാബിർ, സിഐഎംഎസ് എക്സിക്യൂട്ടീവ് ഡയറക്ടർ റഫീഖ് റാവുത്തർ, മാധ്യമ പ്രവർത്തകനും എഴുത്തുകാരനുമായ വി. മുസഫർ അഹമ്മദ്, ഫ്ളേം സർവകലാശാല അസിസ്റ്റൻഡ് പ്രഫസർ ഡോ. ദിവ്യ ബാലൻ എന്നിവർ സംസാരിക്കും. നോർക്ക വകുപ്പ് സെക്രട്ടറി ഡോ. കെ. വാസുകി മോഡറേറ്ററാകും.

ഉച്ചകഴിഞ്ഞ് രണ്ടിന് മാറുന്ന കുടിയേറ്റത്തിലും പുനരധിവാസത്തിലും പ്രവാസി സംഘടനകളുടെ പങ്ക് എന്ന വിഷയത്തിൽ നടക്കുന്ന ചർച്ചയിൽ കേരള പ്രവാസി സംഘം പ്രസിഡന്റ് ഗഫൂർ പി ലില്ലിസ്, പ്രവാസി കോൺഗ്രസ് പ്രസിഡന്റ് ദിനേശ് ചന്ദന, പ്രവാസി ഫെഡറേഷൻ പ്രസിഡന്റ് ഇ.ടി. ടൈസൺ മാസ്റ്റർ എംഎൽഎ, ഇന്ത്യൻ അസോസിയേഷൻ ഷാർജ പ്രസിഡന്റ് നിസാർ തളങ്കര, മറ്റ് പ്രവാസി സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ സംസാരിക്കും. ലോക കേരള സഭ സെക്രട്ടറിയേറ്റ് ഡയറക്ടർ ആസിഫ് കെ യൂസഫ് മോഡറേറ്ററാകും.

വൈകിട്ട് നാലിന് നടക്കുന്ന സമാപന സമ്മേളനം കെ.ടി. ജലീൽ എംഎൽഎ ഉദ്ഘാടനം ചെയ്യും. നോർക്ക റൂട്ട്സ് ഡയറക്ടർ ഒ.വി. മുസ്തഫ അധ്യക്ഷത വഹിക്കും. കോഴിക്കോട് മേയർ ഡോ. ബീന ഫിലിപ്പ്, ബാങ്ക് ഓഫ് ബറോഡ ഹെഡ് കേരള സോൺ ജനറൽ മാനേജർ ശ്രീജിത് കൊട്ടാരത്തിൽ, ലോക കേരള സഭ സെക്രട്ടറിയേറ്റ് ഡയറക്ടർ ആസിഫ് കെ യൂസഫ്, നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശേരി എന്നിവർ സംസാരിക്കും. ലോകകേരളസഭ അംഗങ്ങൾ, പ്രവാസി സംഘടനകളുടെ പ്രതിനിധികൾ, നോർക്ക പദ്ധതികളുടെ ഗുണഭോക്താക്കൾ, പ്രവാസികൾ എന്നിവർ പരിപാടികളിൽ പങ്കെടുക്കും. 4.45ന് മെഹ്ഫിൽ ഷിഹാബും ശ്രേയയും നേതൃത്വം നൽകും.

# കൺവെൻഷൻ സെന്റർ അടുത്തമാസം യാഥാർത്ഥ്യമാകും: മന്ത്രി

**കൊച്ചി:** കാക്കനാട് കിൻഫ്ര എക്സിബിഷൻ സെന്ററിനോട് ചേർന്ന് കൺവെൻഷൻ സെന്റർ 2025 ജനുവരിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുമെന്ന് മന്ത്രി പി രാജീവ് പറഞ്ഞു.

കേരള സംസ്ഥാന ചെറുകിട വ്യവസായ സംരംഭക അസോസിയേഷന്റെയും വ്യവസായ വകുപ്പിന്റെയും സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭക (എം എസ് എം ഇ) മന്ത്രാലയത്തിന്റെയും സഹകരണത്തോടെ കാക്കനാട് കി9ഫ്ര എക്സിബിഷ9 സെന്ററിൽ സംഘടിപ്പിച്ച ഇന്ത്യ അന്താരാഷ്ട്ര വ്യാവസായിക പ്രദ4ശനം 2024 ന്റെ ഔപചാരിക ഉദ്ഘാടന ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു മന്ത്രി.

ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ എത്തുന്നതിന് മുൻപ് തന്നെ സർക്കാർതലത്തിൽ ഒരു സ്ഥിരം എക്സിബിഷൻ കേന്ദ്രം വേണമെന്ന് വ്യവസായികൾ ആവശ്യപ്പെട്ടിരുന്നു. കഴിഞ്ഞവർഷം അത് യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞു.

സ്വകാര്യ വ്യവസായ പാർക്കുകളുടെ സിഇഒയെ ഏകജാലക ക്ലിയറൻസ് ബോർഡിൽ സ്ഥിരം അംഗമാക്കി നിശ്ചയിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.



# കാഴ്ച പരിമിതർക്കായി എ.ഐ കണ്ണടകൾ നൽകി റോട്ടറിയുടെ പ്രോജക്റ്റ് സൂര്യ

**കൊച്ചി:** റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ഗ്ലോബലിന്റെ പദ്ധതിയായ 'പ്രോജക്റ്റ് സൂര്യ'യുടെ ഭാഗമായി കാഴ്ച്ച പരിമിതിയുള്ളവർക്കായി 65 സ്മാർട്ട് ഓൺ കണ്ണടകൾ ഇൻഫോപാർക്ക് തപസ്യ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ വിതരണം ചെയ്തു.

ഹൈബി ഈഡൻ എം.പി. വിതരണോത്ഘാടനം നിർവഹിച്ചു. ഉമാ തോമസ് എം.എൽ.എ, റോട്ടറി അസിസ്റ്റന്റ് ഗവർണർ ജെ.ജെ. തോമസ്, റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ഗ്ലോബൽ പ്രസിഡന്റ് ഡോ. സുജിത് ജോസ്, വോയിസ് ഓഫ് സ്പെഷ്യലി ഏബിൾഡ് പീപ്പിൾ (ഢഛടഅജ) സ്ഥാപകൻ പ്രണവ് ദേശായി, സൺബോട്ട് ഇന്നോവേഷൻസ് സ്ഥാപകൻ സുകേത് അമീൻ, രൂപക് ഫ്രാൻസിസ് പാറക്കൽ എന്നിവർ ചടങ്ങിൽ സംസാരിച്ചു.

സാങ്കേതിക വിദ്യയുടെ സഹായത്തോടെ അന്ധതയെ മറികടന്ന് സ്വതന്ത്രവും, ആശ്രയമില്ലാത്തതുമായ ജീവിതത്തിന് സാഹചര്യമൊരുക്കുന്ന സന്നദ്ധ പ്രവർത്തനം ഏറെ മാതൃകാപരമാണെന്ന് ഹൈബി ഈഡൻ എം പി പറഞ്ഞു.

കാഴ്ച പരിമിതർക്കായി ക്യാമറ, സെൻസർ, ആർട്ടിഫിഷ്യൽ ഇൻറലിജൻസ് (എഐ) എന്നിവ സംയോജിപ്പിച്ച് പ്രവർത്തിക്കുന്ന പ്രത്യേക കണ്ണടകളാണ് സ്മാർട്ട് ഓൺ.വോയിസ് ഓഫ് സ്പെഷ്യലി ഏബിൾഡ് പീപ്പിൾ (ഢഛടഅജ) എന്ന സംഘടനയാണ് റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ഗ്ലോബലിന് സ്മാർട്ട് ഓൺ കണ്ണടകൾ സംഭാവന ചെയ്തത്.

അന്ധത മറികടക്കുന്ന ഈ സാങ്കേതിക വിപ്ലവം കൂടുതൽ ആവശ്യക്കാരിൽ എത്തിക്കാൻ സമൂഹത്തിന് സാധിക്കണമെന്ന് റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ഗ്ലോബൽ പ്രസിഡന്റ് ഡോ. സുജിത് ജോസ് പറഞ്ഞു.

മുന്നിലുള്ള കാഴ്ച്ചകൾ തിരിച്ചറിഞ്ഞ് വ്യഖ്യാനിക്കുന്ന വോയ്സ് അസിസ്റ്റന്റ് കണ്ണടയിലുണ്ട്. ജി.പി.എസ് നാവിഗേഷൻ, തടസ്സങ്ങൾ തിരിച്ചറിയിൽ, വിവിധ റെകഗ്നിഷൻ ശേഷികൾ എന്നിവ വഴി പരസഹായമില്ലാതെ യാത്ര ചെയ്യാൻ ഇത് സഹായിക്കും. മാത്രമല്ല, കാഴ്ച്ച പരിമിതർക്ക് വേണ്ടി വായന സാധ്യമാക്കാനും കണ്ണടയ്ക്ക് കഴിയും. സ്മാർട്ട് ഫോണുമായി ബന്ധിപ്പിച്ചാണ് ഇത് ഉപയോഗിക്കുന്നത്.

# കർഷകർക്ക് താങ്ങായി ബി ടു ബി മീറ്റ്

**ആലപ്പുഴ:** ചേർത്തല നിയമസഭാ നിയോജക മണ്ഡലത്തിൽ സംഘടിപ്പിക്കുന്ന രണ്ടാമത് കാർഷിക സംസ്ക്കാരിക മേളയായ കരപ്പുറം കാർഷിക കാഴ്ചകൾ ചേർത്തല പൊലിമ ഡിസംബർ 20 മുതൽ 29 വരെ ചേർത്തല സെന്റ് മൈക്കിൾസ് കോളേജിൽ നടത്തുന്നു. 10 ദിവസം നീളുന്ന ചേർത്തല പൊലിമ കരപ്പുറം കാർഷിക കാഴ്ചകളിൽ കാർഷിക പ്രദർശനം, സെമിനാറുകൾ, ബി ടു ബി മീറ്റ്, ഡി പി ആർ ക്ലിനിക്, കലാസാംസ്ക്കാരിക സന്ധ്യകൾ തുടങ്ങിയവ ഉണ്ടായിരിക്കും. 27 ന് രാവിലെ 9 മണി മുതൽ ബി ടു ബി മീറ്റ് സംഘടിപ്പിക്കും. കേരള സംസ്ഥാന കൃഷി വകുപ്പ് രൂപികരിച്ച സിയാൽ മോഡൽ കമ്പിനിയായ കാപ്ക്കോയ്ക്ക് ആണ് ബി ടു ബി മീറ്റ് സംഘടിപ്പിക്കുന്നതിനുള്ള ചുമതല നൽകിയിരിക്കുന്നത്.

ദേശീയ തലത്തിൽ കാർഷിക മൂല്യ വർദ്ധന, സംസ്ക്കരണം, വിപണനം, കയറ്റുമതി മേഖലയിൽ പ്രവർത്തിക്കുന്ന ഏജൻസികൾ, സ്വകാര്യ സംരഭകർ തുടങ്ങിയവർ കർഷകരുമായി മുഖാമുഖം സംസാരിച്ച് വിപണനം, സംസ്ക്കരണം, മൂല്യവർദ്ധന, കയറ്റു മതി മേഖലയിൽ കരാറിൽ ഏർപ്പെടുന്നതിനുള്ള സാഹചര്യം ബി ടു ബി മീറ്റിൽ ഉൾപ്പെടുത്തി യിരിക്കുന്നു. ചേർത്തലയിലെയും ആലപ്പുഴയിലെയും തനത് വിളകളായ നെല്ല്, തെങ്ങ്, പച്ചക്കറി, വാഴ, സുഗന്ധവിളകൾ, ഫലവൃക്ഷങ്ങൾ, പൂകൃഷി, ചെറുധാന്യങ്ങൾ, കൂൺകൃഷി, ഔഷധ സസ്യകൃഷി എന്നിവയിലെ മൂല്യവർദ്ധന, വിപണന കയറ്റുമതി മേഖലയിലെ സാധ്യതകൾ പ്രയോജനപ്പെടുത്തണം. അതുവഴി ഉൽപ്പന്നങ്ങൾ മികച്ച വിലക്ക് വിപണനെ ചെയ്യുന്നതിനും അത് വഴി വരുമാന വർദ്ധനവ് ഉണ്ടാക്കുന്നതിനും കർഷകർക്ക് കഴിയും.

കർഷകർ കാർഷിക വിപണന മേഖലയിൽ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം നേടാൻ ബി ടു ബി മീറ്റ് ഒരു വലിയ അളവിൽ കർഷകരെ സഹായിക്കും. കയറ്റുമതി, മൂല്യവർദ്ധന, സംസ്ക്കരണം, വിപണനം തുടങ്ങിയ മേഖലകളിൽ കർഷർക്ക് ഉള്ള സംശയങ്ങൾക്ക് ബി ടു ബി മീറ്റിൽ വിദഗ്ദർ ഉത്തരം നൽകും.



ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ 2024 മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു. സ്റ്റേറ്റ് വൈസ് പ്രസിഡന്റ് പി ജെ ജോസ്, ജനറൽ സെക്രട്ടറി ജോസഫ് പൈകട, ഓർഗനൈസിങ് കമ്മിറ്റി ചെയർമാൻ കെ പി രാമചന്ദ്രൻ നായർ, വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ്, കെ എസ് എസ് ഐ എ സംസ്ഥാന പ്രസിഡന്റ് എ നിസാറുദീൻ, ഐ ഇ ഡി എസ് ജോയിന്റ് ഡയറക്ടർ ആൻഡ് എച് ഒ ഒ എംഎസ്എംഇ ഡി എഫ് ഒ തൃശൂർ ജി എസ്. പ്രകാശ്, എക്സ്പോ സി ഇ ഒ സിജി നായർ, കെ എസ് എസ് ഐ എ ജോയിന്റ് സെക്രട്ടറി എം സ് അനസ് എന്നിവർ സമീപം

# സൂക്ഷ്മ ഇടത്തരം ചെറുകിട വ്യവസായ മേഖലയുടെ ഉയർച്ചയ്ക്ക് കേരള സർക്കാർ പൂർണ പിന്തുണ നൽകുമെന്ന് മുഖ്യമന്ത്രി

**കൊച്ചി:** വാണിജ്യ, സേവന മേഖലകളിൽ പുതിയ സംരംഭങ്ങളുടെ കുതിപ്പിന് സാക്ഷ്യം വഹിക്കുന്ന ഈ കാലഘട്ടത്തിൽ ഉൽപ്പാദന മേഖലയിലും സമാനമായ വളർച്ച കൈവരിക്കേണ്ട സമയമാണിതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കൊച്ചി കാക്കനാട് കിൻഫ്ര ഇന്റർനാഷണൽ എക്സിബിഷൻ സെന്ററിൽ കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷനും (കെ.എസ്.എസ്.ഐ.എ) മെട്രോ മാർട്ടും ചേർന്ന് സംഘടിപ്പിക്കുന്ന ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ 2024 ഉത്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഈ വളർച്ച യാഥാർത്ഥ്യമാക്കാൻ സംസ്ഥാന സർക്കാരിന്റെ പരിപൂർണ പിന്തുണ ഉണ്ടാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു. വ്യവസായിക രംഗത്തെ പുരോഗമനപരമായ മാറ്റങ്ങൾക്ക് നിരന്തര പിന്തുണയുമായി നിലകൊള്ളുന്ന കെ. എസ്. എസ്. എസ്. ഐ. യെ അഭിനന്ദിച്ച മന്ത്രി പി. രാജീവ്, കാക്കനാടുള്ള കിൻഫ്ര അന്താരാഷ്ട്ര എക്സിബിഷൻ സെന്ററിന് സമീപം പുതിയൊരു കൺവെൻഷൻ സെന്റർ കൂടി സ്ഥാപിക്കുമെന്ന് വേദിയിൽ പ്രഖ്യാപിച്ചു.

കേരളത്തിന്റെ വ്യവസായിക വളർച്ചയ്ക്കും സംരംഭകത്വത്തിനും വലിയ പ്രോത്സാഹനമേകാൻ ചുരുങ്ങിയ ഈ ദിവസങ്ങളിൽ ഈ പരിപാടിക്ക് കഴിഞ്ഞിട്ടുണ്ടെന്ന് കെ. എസ്. എസ്. ഐ. എ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ പറഞ്ഞു. ഇക്കൊല്ലം 300 സ്റ്റാളുകളാണ് ഉണ്ടായിരുന്നത്. ജനുവരി 2026ൽ എക്സ്പോയുടെ രണ്ടാം പതിപ്പ് നടത്താനാണ് പദ്ധതിയെന്നും മുഖ്യമന്ത്രി പറഞ്ഞു.

ചടങ്ങിൽ കൊച്ചിൻ ഷിപ്യാർഡിന്റെ ചെയർമാനും എം.ഡിയുമായ ശ്രീ. മധു എസ്. നായരെ മുഖ്യമന്ത്രി പിണറായി വിജയൻ ആദരിച്ചു. അർഹരായവർക്കുള്ള കെ. എസ്. എസ്. എഫ് മരണാനന്തര ധനസഹായത്തിന്റെ വിതരണവും മുഖ്യമന്ത്രി നിർവഹിച്ചു. കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷനും (കെ.എസ്.എസ്.ഐ.എ) മെട്രോ മാർട്ടും ചേർന്ന് സംഘടിപ്പിക്കുന്ന ഇന്ത്യ അന്താരാഷ്ട്ര വ്യാവസായിക പ്രദർശനം, സംസ്ഥാന വ്യവസായ, വാണിജ്യ വകുപ്പ്, കേന്ദ്ര ചെറുകിടഇടത്തരം വ്യവസായ മന്ത്രാലയം, കിൻഫ്ര, കെ.എസ്.ഐ.ഡി.സി. എന്നിവയുടെ സഹകരണത്തോടെയാണ് നടത്തുന്നത്.

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ (കെ.എസ്.ഐ.ഡി.സി) വിവിധ പദ്ധതികൾ അവതരിപ്പിക്കുന്ന സെമിനാറും കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷന്റെ (കെ.എസ്.എസ്.ഐ.എ) ജനറൽ കൗൺസിൽ യോഗവും നടന്നു. സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്ക് വേണ്ടിയുള്ള വിവിധ ധനസഹായ പദ്ധതികളുടെ സിമ്പോസിയമാണ് മൂന്നാം ദിവസത്തെ പ്രധാന ആകർഷണം. ധനമന്ത്രി കെ.എൻ. ബാലഗോപാൽ സിമ്പോസിയം ഉദ്ഘാടനം ചെയ്യാനെത്തും. റവന്യൂ മന്ത്രി കെ.രാജൻ സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവഹിക്കും. മൂന്ന് ദിവസങ്ങളിലായി നടക്കുന്ന പരിപാടിയിൽ ഇന്ത്യക്കകത്തും വിദേശത്തും വ്യാവസായിക ഉപകരണങ്ങൾ നിർമിക്കുന്ന മുന്നൂറോളം കമ്പനികൾ, വ്യവസായപ്രമുഖർ, മുതിർന്ന സർക്കാർ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കുന്നുണ്ട്. വിദഗ്ധർ നയിക്കുന്ന സെമിനാറുകൾ, പ്രെസെന്റേഷനുകൾ, ശില്പശാലകൾ എന്നിവയും ഒരുക്കിയിട്ടുണ്ട്. വ്യവസായങ്ങൾ തുടങ്ങാനും നിലവിലുള്ളവ വികസിപ്പിക്കാനും ഉദ്ദേശിക്കുന്നവർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി വിവിധ ബാങ്കുകളുടെ പ്രത്യേക ഡെസ്കുകളും സജ്ജീകരിച്ചിട്ടുണ്ട്. എക്സ്പോയിൽ പങ്കെടുക്കുന്നതിനുള്ള പ്രവേശനം സൗജന്യമാണ്. പങ്കെടുക്കുന്നവർക്ക് പൊതു, സ്വകാര്യ രംഗങ്ങളിലെ പ്രതിനിധികളുമായി സംസാരിക്കാനുള്ള അവസരമുണ്ടാകും.

മുൻ നിയമസഭാംഗം മമ്മദ് കോയ, തൃശൂർ എം.എസ്.എം.ഇ ഡി.എഫ്.ഒ മേധാവിയും ഐ.ഇ.ഡി.എസ് ജോയിന്റ് ഡയറക്ടറുമായ ജി.എസ്. പ്രകാശ്, കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ് സിഎംഡി മധു എസ് . നായർ, കെൽട്രോൺ മാനേജിങ് ഡയറക്ടർ അഡ്മിറൽ ശ്രീകുമാർ നായർ, കെ.എസ്.എസ്.എഫ് ചെയർമാൻ എം. ഖാലിദ്, കെ.എസ്.എസ്.ഐ.എയുടെ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ധീൻ, ചെയർമാൻ കെ.പി രാമചന്ദ്രൻ നായർ, ജനറൽ സെക്രട്ടറി ജോസഫ് പൈകട, പി. ജെ ജോസ്, എ.വി. സുനിൽ നാഥ്, എ. ഫാസിലുദ്ധീൻ, ജോയിന്റ് സെക്രട്ടറിമാരായ എം.എസ്. അനസ്, എം.എം. മുജീബ് റഹിമാൻ, എക്സ്പോയുടെ സി.ഇ.ഒ സിജി നായർ, മുൻ സംസ്ഥാന പ്രസിഡന്റ് ദാമോദർകെ.എസ്.എസ്.ഐ.എ ന്യൂസിന്റെ ചീഫ് എഡിറ്റർ എസ്. സലിം, ട്രെഷറർ ബി. ജയകൃഷ്ണൻ, തുടങ്ങിയവർ ഉദ്ഘാടനസമ്മേളനത്തിൽ പങ്കെടുത്തു.

# ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നവീകരിച്ച പ്രാരംഭ ഇടപെടൽ കേന്ദ്രം പ്രവർത്തനം തുടങ്ങി

ആലപ്പുഴ: ഭാവിയിൽ കേരളത്തിൽ ഭിന്നശേഷിക്കാരുടെ എണ്ണം കുറച്ചു കൊണ്ടു വരുന്നതിനായി പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ കൂടുതൽ കാര്യക്ഷമമാക്കി ഏർളി സ്ക്രീനിംഗ് സംവിധാനങ്ങൾ വ്യാപകമാക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നതെന്ന് മന്ത്രി ബിന്ദു പറഞ്ഞു.

ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്റർ (ആർഇഐസി ) ആന്റ് ഓട്ടിസം സെന്ററിന്റെ നവീകരിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.എച്ച് സലാം എംഎൽഎ യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 37 ലക്ഷം രൂപ ചെലവഴിച്ച് അത്യാധുനിക ഉപകരണങ്ങൾ സ്ഥാപിച്ചാണ് സെന്റർ നവീകരിച്ചത്.35,000 ത്തോളം ഭിന്നശേഷി കുട്ടികൾക്ക് സർക്കാർ സാമൂഹിക പുനരധിവാസം ഒരുക്കിയെന്നും ഭ്രൂണാവസ്ഥയിൽ തന്നെ വ്യതിയാനങ്ങൾ തിരിച്ചറിയാനുള്ള സംവിധാനങ്ങളിന്ന് ലഭ്യമാണെന്നും മന്ത്രി പറഞ്ഞു.



# ലേൺ സൗത്ത് ആഫ്രിക്ക ശിൽപ്പശാല നടന്നു

**സൗത്ത് ആഫ്രിക്ക ടൂറിസം സ്വന്തം രാജ്യത്തെ ഏറെ അറിയപ്പെടാത്ത മേഖലയെ കുറിച്ച് ഇന്ത്യയിലെ യാത്രാ വ്യവസായ മേഖലയെ മനസ്സിലാക്കി കൊടുക്കുന്നു**

**കൊച്ചി:** സൗത്ത് ആഫ്രിക്ക ടൂറിസം 'ലേൺ സൗത്ത് ആഫ്രിക്ക' ശിൽപ്പശാലയുടെ 10മത് പതിപ്പിന്റെ മൂന്നാം ഘട്ടം കൊച്ചിയിൽ പൂർത്തിയാക്കി. ഛണ്ഡീഗഢിലും നാഗ്പൂരിലും നടന്ന വിജയകരമായ ഒന്നും രണ്ടും ഘട്ടങ്ങൾക്ക് ശേഷമാണ് കൊച്ചിയിലെ പരിപാടി നടന്നത്. ഇന്ത്യയിലുടനീളമുള്ള യാത്രാ വ്യാപാര പങ്കാളികളെ, പ്രത്യേകിച്ച് ടിയർ2, ടിയർ3 നഗരങ്ങളിൽ നിന്ന് ഉയർന്നു വരുന്ന താൽപ്പര്യത്തിൽ പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട്, ദക്ഷിണാഫ്രിക്കൻ വിനോദസഞ്ചാരവുമായി ഇടപഴകിക്കുവാനുള്ളതാണ് ഈ സംരംഭം. ചടങ്ങിൽ 100 യാത്രാ വ്യാപാര പങ്കാളികൾ കൊച്ചിയിൽ നിന്നും പങ്കെടുത്തു. കേപ്പ് ടൗണിനും ജോഹന്നാസ്ബർഗിനുമപ്പുറം ദക്ഷിണാഫ്രിക്കയിലെ ഏറെ അറിയപ്പെടാത്ത ഈസ്റ്റേൺ കേപ്പ്, ഫ്രീ സ്റ്റേറ്റ്, ക്വാസുലുനാറ്റൽ തുടങ്ങിയ കൊതിപ്പിക്കുന്ന ഇടങ്ങളിലേക്ക് ഉൾക്കാഴ്ച്ച നൽകുവാനാണ് ഈ ചടങ്ങ് സംഘടിപ്പിച്ചത്.

കൊച്ചി പോലുള്ള ചെറുകിട നഗരങ്ങളിൽ നിന്നും താൽപ്പര്യം വർദ്ധിച്ചു വരുന്നതിനാൽ ദക്ഷിണാഫ്രിക്കയെ സംബന്ധിച്ചിടത്തോളം ഇന്ത്യ ഏറ്റവും വലിയ ഒരു വിപണിയായി തുടരുകയാണ്. ത്രസിപ്പിക്കുന്ന സാഹസികത മുതൽ സമ്പന്നമായ സാംസ്കാരിക പാരമ്പര്യം അനുഭവിക്കുന്നതുവരെയായി വൈവിധ്യമാർന്ന യാത്രാ അനുഭവങ്ങൾ ആഗ്രഹിക്കുന്നവരാണ് ഇന്ത്യയിൽ നിന്നുള്ള വിനോദസഞ്ചാരികൾ. ഈ ഉയർന്നു വരുന്ന ആവശ്യം പരിഗണിച്ച് യാത്രാ പങ്കാളികൾക്ക് ഇന്ത്യയിൽ നിന്നുള്ള വിനോദസഞ്ചാരികൾക്ക് പ്രത്യേകം അനുയോജ്യമായ രീതിയിലുള്ള യാത്രാ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായുള്ള അറിവും ഉപകരണങ്ങളും ലഭ്യമാക്കുകയാണ് ഈ ശിൽപ്പശാലയിലൂടെ ചെയ്യുന്നത്. ഉല്ലാസത്തിനും എംഐസിഇ യാത്രകൾക്കും ഒരുപോലെ ഈ മഴവിൽ രാഷ്ട്രത്തെ ഏറ്റവും മികച്ച ഇടമാക്കി മാറ്റുക എന്നുള്ളതാണ് സൗത്ത് ആഫ്രിക്കൻ ടൂറിസത്തിന്റെ ലക്ഷ്യമെന്ന് സൗത്ത് ആഫ്രിക്കൻ ടൂറിസത്തിന്റെ ഏഷ്യ, ഓസ്ട്രലേഷ്യ, മിഡിൽ ഈസ്റ്റ് റിജിയണൽ ജനറൽ മാനേജരായ ഗൊബാനി മൻ കോട്ടിവ പറഞ്ഞു,നല്ല അനുഭവം നൽകുന്ന യാത്ര, ശാരീരിക ക്ഷേമവുമായി ബന്ധപ്പെട്ട വിനോദസഞ്ചാരം, സാഹസിക പ്രവർത്തനങ്ങൾ എന്നിവയോടുള്ള പരിഗണന വർദ്ധിക്കുന്നത്. മാത്രമല്ല, ഈ മേഖലയിൽ നിന്നുള്ള വിനോദസഞ്ചാരികൾ സൗത്ത് ആഫ്രിക്കൻ വിനോദസഞ്ചാരത്തെ സംബന്ധിച്ചിടത്തോളം നിർണ്ണായക വിപണിയായി അതിവേഗം ഉയർന്നു വരികയാണ്.ഉല്ലാസത്തിനും ബിസിനസ്സിനും വേണ്ടി ഒരുപോലെ യാത്ര ചെയ്യുന്നവർ ദക്ഷിണാഫ്രിക്ക തെരഞ്ഞെടുക്കുന്നത് കൊച്ചിയിൽ വർദ്ധിക്കുന്നതായി കാണുന്നു. മഴവിൽ രാഷ്ട്രത്തിലേക്കുള്ള വിനോദസഞ്ചാരികളുടെ ഒഴുക്ക് വർദ്ധിക്കുന്നതിന് ഇത് കാരണമാകുന്നുവെന്നും അദ്ദേഹം പറഞ്ഞു.

# മാർച്ചിൽ 10 ലക്ഷം വീടുകളിൽ പുരപ്പുറ സോളാർ പദ്ധതി സ്ഥാപിക്കും

**കൊച്ചി:** ലോകത്തിലെ ഏറ്റവും വലിയ ഗാർഹിക പുരപ്പുറ സോളാർ പദ്ധതിയായ പി എം സൂര്യ ഘർ മുഫ്ത് ബിജ്‌ലി യോജന (പിഎംഎസ്ജിഎംബിവൈ) ഇന്ത്യയുടെ സൗരോർജ മേഖലയെ മാറ്റിമറിക്കുന്നു. 2025 മാർച്ചോടെ, 10 ലക്ഷം വീടുകളിൽ പദ്ധതി സ്ഥാപിക്കുമെന്നും ഒക്ടോബറിൽ 20 ലക്ഷമായും 2026 മാർച്ചോടെ 40 ലക്ഷമായും 2027 മാർച്ചോടെ ഒരു കോടിയായും ഉയരുമെന്നുമാണ് പ്രതീക്ഷയെന്നും അധികൃതർ വ്യക്തമാക്കി.പിഎംഎസ്ജിഎംബിവൈ ആരംഭിച്ച് 9 മാസത്തിനുള്ളിൽ 6.3 ലക്ഷം വീടുകളിൽ പുരപ്പുറ സൗരോർജ നിലയം സ്ഥാപിച്ചു. പ്രതിമാസ ശരാശരി 70,000 ആണ്. 2024 ഫെബ്രുവരിയിൽ പദ്ധതി ആരംഭിക്കുന്നതിന് മുമ്പ് പ്രതിമാസ ശരാശരി 7000 ആയിരുന്നു. ഇതിനെ അപേക്ഷിച്ച് പത്തിരട്ടി വർധനയാണു നിലവിൽ രേഖപ്പെടുത്തുന്നത്. കരുത്തുറ്റ അടിസ്ഥാനസൗകര്യങ്ങളും പങ്കാളികളുടെ സഹകരണവും പ്രതിഫലിപ്പിച്ച് ഗുജറാത്ത്, മഹാരാഷ്ട്ര, കേരളം, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങൾ പദ്ധതിയിൽ അസാധാരണമായ പുരോഗതി കൈവരിച്ചു.



പ്രതീക്ഷിച്ചതിനും മുമ്പേയുള്ള പിഎംഎസ്ജിഎംബിവൈയുടെ പുരോഗതി ദൃഢമായ അടിത്തറ പാകിയതിന്റെ തെളിവാണ്. വരുംമാസങ്ങളിൽ ദ്രുതഗതിയിലുള്ള വളർച്ചയുടെ പാതയിലുള്ള പദ്ധതി, പുരപ്പുറ സൗരോർജത്തിൽ സുസ്ഥിരഭാവിക്കു വഴിയൊരുക്കുന്നു.പദ്ധതി അതിവേഗം നടപ്പാക്കുന്നതിന് പ്രാരംഭതലത്തിലെ വെല്ലുവിളികൾ ഫലപ്രദമായി അഭിസംബോധന ചെയ്തു. ആവശ്യമായ വൈദ്യുത ശേഷി ഉറപ്പാക്കാൻ ഡിസ്കോമുകൾ ഓട്ടോലോഡ് മെച്ചപ്പെടുത്തലുകൾ നടത്തി. അതേസമയം 10സണ വരെയുള്ള സംവിധാനങ്ങൾക്കുള്ള സാങ്കേതിക സാധ്യതാ റിപ്പോർട്ടുകൾ ഒഴിവാക്കി നിയന്ത്രണ തടസ്സങ്ങൾ കുറച്ചു. ഡിസ്കോമുകളുടെ സമയബന്ധിത പരിശോധനകൾ സബ്സിഡി വിതരണം വേഗത്തിലാക്കുകയും, നടപടികൾ നെറ്റ് മീറ്ററുകളുടെ ലഭ്യത ഉറപ്പാക്കുകയും ചെയ്തു. വിൽപ്പന അടിത്തറ വിപുലീകരിക്കാനുള്ള ശ്രമങ്ങൾ ദ്രുതഗതിയിലുള്ള വിന്യാസത്തെ പിന്തുണച്ചു. 3സണ വരെയുള്ള സംവിധാനങ്ങൾക്കായി ജൻ സമർഥ് പോർട്ടലിലൂടെ താങ്ങാനാകുന്ന ധനസഹായ മാർഗങ്ങൾ ഒരുക്കിയതായും അധികൃതർ വ്യക്തമാക്കി.




# സംഭവ് സമിറ്റുമായി ആമസോൺ

**കൊച്ചി:** സംഭവ് സമിറ്റുമായി ആമസോൺ. ഇതിന്റെ ഭാഗമായി ആമസോൺ ഡിപിഐഐടിയുമായി ധാരണാ പത്രം ഒപ്പു വെച്ചു. സംഭവ് വെഞ്ചർ ഫണ്ടിൽ നിന്ന് ആമസോൺ 120 എംഎം ഡോളർ വകയിരുത്തിയിട്ടുമുണ്ട്. ഇന്ത്യയിലെ ചെറുകിട ബിസിനസുകളെ ശാക്തീകരിക്കുകയും പിന്തുണക്കുകയും ചെയ്ത് അവരുടെ വളർച്ച ഇന്ത്യയിലും ആഗോള തലത്തിലും ശക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായാണ് സംഭവ് സമിറ്റ് സംഘടിപ്പിക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.രാജ്യത്തിനകത്തും പുറത്തും നിന്നുള്ള ഡിമാൻറ് നിറവേറ്റാനും ആയിരക്കണക്കിനു തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഇതു സഹായകമാകും. ഇന്ത്യയിൽ നിന്നുള്ള ആകെ കയറ്റുമതി 2030ഓടെ 80 ബില്യൺ ഡോളറാക്കി ഉയർത്തുക എന്നതു സാധ്യമാക്കും വിധം ആമസോണിൻറ കയറ്റുമതി പ്രതിബദ്ധത നാലു മടങ്ങു വർധിപ്പിക്കുകയും ചെയ്യും. വികസിത് ഭാരത് എന്ന സർക്കാരിൻറെ കാഴ്ചപ്പാട് സാക്ഷാത്കരിക്കുന്നതിന് എല്ലാ പങ്കാളികളുടെയും സജീവ സംഭാവന ആവശ്യമാണ്. ഉൽപ്പാദനം, ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, കയറ്റുമതി എന്നിവയിൽ ആമസോണിൻറെ സംരംഭങ്ങൾ വളരെയധികം വിലമതിക്കപ്പെടുന്നുവെന്ന് ആമസോൺ സംഭവ് 2024 ൽ സംസാരിച്ച കേന്ദ്ര ഉപരിതല ഗതാഗത, ഹൈവേ മന്ത്രി നിതിൻ ജയ്റാം ഗഡ്കരി പറഞ്ഞു.

# യെസ് ബിസിനസ് അവതരിപ്പിച്ചു

**കൊച്ചി:** യെസ് ബാങ്ക് ഐറിസ് ബിസ് ആപ്പിൻറെ പിന്തുണയോടെ യെസ് ബിസിനസ് അവതരിപ്പിച്ചു. ചെറുകിട, ഇടത്തരം, സൂക്ഷ്മ സംരംഭങ്ങളുമായി ബന്ധപ്പെട്ട ബിസിനസുകൾ ഒരു കുടക്കീഴിൽ കൊണ്ടു വരാനായാണ് യെസ് ബിസിനസ് അവതരിപ്പിച്ചിട്ടുള്ളതെന്ന് യെസ് ബാങ്ക് മാനേജിങ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫിസറുമായ പ്രശാന്ത് കൗർ പറഞ്ഞു. ചെറുകിട, ഇടത്തരം, സൂക്ഷ്മ സംരംഭങ്ങൾക്ക് തങ്ങളുടെ പ്രതിദിന പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യാനും ദീർഘകാല വളർച്ച കൈവരിക്കാനുമുള്ള സംവിധാനങ്ങൾ ഇതിലൂടെ ലഭ്യമാക്കും. വീഡിയോ കെവൈസി വഴി പൂർണ ഡിജിറ്റൽ അക്കൗണ്ട് സെറ്റ് അപ്പ്, കടലാസു ജോലികൾ കുറക്കൽ, ബാങ്കിങ്ങിനും അപ്പുറത്തുള്ള സേവനങ്ങൾ, വ്യക്തിഗത, ബിസിനസ് അക്കൗണ്ടുകൾ ഒരുമിച്ചു കൈകാര്യം ചെയ്യാനുള്ള അവസരം തുടങ്ങിയവ ഐറിസ് ബിസ് ആപ്പിൻറെ സൗകര്യങ്ങളാണ്. ഈ ആപ്പ് വഴി കൊളാറ്ററൽ ഇല്ലാതെ 25 ലക്ഷം രൂപ വരെ ഓവർഡ്രാഫ്റ്റ് ലഭ്യമാകുന്നത് കൃത്യ സമയത്തുള്ള വർക്കിങ് ക്യാപ്പിറ്റൽ ഉറപ്പാക്കും. ഇന്ത്യയിൽ ബിസിനസുകൾ നേരിടുന്ന വെല്ലുവിളികളും പ്രതീക്ഷകളും കണക്കിലെടുത്ത് ബാങ്കിങ്ങിനെ പുർനിർവചിക്കാൻ തങ്ങൾ എന്നും പ്രതിജ്ഞാബദ്ധരാണെന്നും പ്രശാന്ത് കൗർ പറഞ്ഞു.

# മമത മെഷിനറി ലിമിറ്റഡ് ഐപിഒ ഡിസംബർ 19മുതൽ

**കൊച്ചി:** മമത മെഷിനറി ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2024 ഡിസംബർ 19 മുതൽ 23 വരെ നടക്കും. പ്രമോട്ടർമാരുടെ 7,382,340 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പത്ത് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 230 രൂപ മുതൽ 243 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 61 ഇക്വിറ്റി ഓഹരികൾക്കും തുർന്ന് 61 ന്റെ ?ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.ബീലൈൻ ക്യാപിറ്റൽ അഡ്വൈസേഴ്സ് പ്രൈവറ്റ് ലിമിറ്റഡാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർ.

## രാകേഷ് ശർമ്മയ്ക്ക് ടൈറ്റൻ കമ്പനിയുടെ ആദരം

# ടൈറ്റൻ യൂണിറ്റി വാച്ച് അവതരിപ്പിച്ചു

**കൊച്ചി:** വിംഗ് കമാൻഡർ രാകേഷ് ശർമ്മയുടെ ബഹിരാകാശ യാത്രയുടെ 40ാം വാർഷികത്തിൽ അദ്ദേഹത്തെ ആദരിച്ച് ടൈറ്റൻ വാച്ച്സ്.

ബഹിരാകാശ യാത്ര നടത്തിയ ആദ്യ ഇന്ത്യക്കാരനാണ് രാകേഷ് ശർമ്മ. 1984ൽ, സോവിയറ്റ് ബഹിരാകാശ പേടകമായ സോയൂസ് ടി11ൽ യാത്ര ചെയ്യവെ ബഹിരാകാശത്ത് നിന്ന് ഇന്ത്യ എങ്ങനെ കാണപ്പെടുന്നുവെന്ന ചോദ്യത്തിന്, 'സാരെ ജഹാൻ സേ അഛാ' എന്ന അദ്ദേഹത്തിന്റെ പ്രസിദ്ധമായ മറുപടി ദശലക്ഷക്കണക്കിന് ആളുകളുടെ ഹൃദയം കവർന്നതും രാജ്യത്തിൻറെ ചൈതന്യം ഉൾക്കൊള്ളുന്നതുമായിരുന്നു. നാൽപ്പത് വർഷങ്ങൾക്ക് ശേഷം, ടൈറ്റൻ രാകേഷ് ശർമ്മയുടെ അസാധാരണമായ നേട്ടത്തെ ആദരിച്ചുകൊണ്ട് ആകാശപ്രചോദിതമായ ലിമിറ്റഡ്എഡിഷൻ യൂണിറ്റി വാച്ചുകൾ പുറത്തിറക്കി.ബംഗളൂരുവിലെ ലൂപ്പയിൽ നടന്ന ചടങ്ങിൽ ടൈറ്റൻ ആദ്യ യൂണിറ്റി വാച്ച് വിംഗ് കമാൻഡർ രാകേഷ് ശർമ്മയ്ക്ക് സമ്മാനിച്ചു. 300 വാച്ചുകൾ മാത്രമുള്ള ലിമിറ്റഡ് എഡിഷൻ വാച്ചാണ് യൂണിറ്റി.ടൈറ്റന്റെ ആദ്യത്തെ കൺസീൽഡ് ഓട്ടോമാറ്റിക് വാച്ചാണ് യൂണിറ്റി. മിഡ്നൈറ്റ് ബ്ലൂ നിറത്തിലുള്ള ഡയൽ രാകേഷ് ശർമ്മ ബഹിരാകാശത്ത് നിന്ന് കണ്ടത് പോലുള്ള ഇന്ത്യയുടെ സൂക്ഷ്മമായ ദൃശ്യമാണ് കാണിക്കുന്നത്. ത്രിവർണ്ണ പതാകയുടെ നിറങ്ങളിലാണ് മണിക്കൂർ സൂചികകൾ. റോക്കറ്റിൻറെ ആകൃതിയിലുള്ള സെക്കൻറ് സൂചി രാകേഷ് ശർമ്മയുടെ ബഹിരാകാശ യാത്രയെ സൂചിപ്പിക്കുന്നു.




സെലസ്റ്റിയൽ ഡയൽ ഡിസൈനിലുള്ള വാച്ചിന് പ്രീമിയം ഡീപ് ബ്ലൂ ലെതർ സ്ട്രാപ്പാണ് നൽകിയിരിക്കുന്നത്. വാച്ചിൻറെ പിൻഭാഗത്ത് രാകേഷ് ശർമ്മയുടെ ഐതിഹാസിക പ്രസ്താവനയായ 'സാരേ ജഹാൻ സേ അഛാ' കൊത്തിവെച്ചിട്ടുണ്ട്. ഒപ്പം അദ്ദേഹത്തിൻറെ ചരിത്രപരമായ ബഹിരാകാശ പര്യവേഷണത്തിൻറെ തീയതിയും.നാല് പതിറ്റാണ്ടുകളായി, ടൈറ്റൻ നിർമ്മിക്കുന്ന ഓരോ വാച്ചിലും ഇന്ത്യയുടെ ആത്മാവിനെ ഇഴചേർത്തിട്ടുണ്ടന്നും ഈ വർഷം, വിങ് കമാൻഡർ രാകേഷ് ശർമ്മയുടെ ബഹിരാകാശ യാത്രയുടെ 40ാം വാർഷികം ഞങ്ങൾ അഭിമാനത്തോടെ ആഘോഷിക്കുകയാണെന്നും ടൈറ്റൻ വാച്ചസ് വൈസ് പ്രസിഡൻറും ചീഫ് സെയിൽസ് ആൻഡ് മാർക്കറ്റിംഗ് ഓഫീസറുമായ രാഹുൽ ശുക്ല പറഞ്ഞു. തിരഞ്ഞെടുത്ത ടൈറ്റൻ സ്റ്റോറുകളിലും ഓൺലൈനിലും മാത്രമാണ് ട്രിബ്യൂട്ട് വാച്ചായ ടൈറ്റൻ യൂണിറ്റി ലഭ്യമാകൂ.

## ഹോം തിയറ്റർ ടിവികളുടെ പുതിയ ശ്രേണിയുമായി റിലയൻസ്




**കൊച്ചി/ മുംബൈ:** ഇന്ത്യയിലെ ഏറ്റവും വലിയ റീട്ടെയ്ലറായ റിലയൻസ് റീട്ടെയിൽ ലിമിറ്റഡ്, ഓഡിയോ ഉപകരണ വിദഗ്ധരായ ഹാർമനുമായി സഹകരിച്ച് തദ്ദേശീയമായി വികസിപ്പിച്ച ആറ് ഹോം തിയേറ്റർ എൽഇഡി ടിവികളുടെ ഒരു ശ്രേണി പുറത്തിറക്കി.ബിപിഎൽ ബ്രാൻഡിന് കീഴിൽ പുറത്തിറക്കിയ ഈ ടിവികൾ, പ്രത്യേകമായി ഒപ്റ്റിമൈസ് ചെയ്ത സ്പീക്കർ മൊഡ്യൂളുകളിലൂടെ അത്യാധുനിക ഓഡിയോ അനുഭവം നൽകുന്ന രീതിയിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. മികച്ച ശബ്ദാനുഭവും ദൃശ്യമികവും തീയേറ്റർ പോലുള്ള അനുഭവം തന്നെ നൽകുന്നു.

എൽഇഡി ടിവി വിഭാഗത്തിൽ വിശ്വസനീയവും കാര്യക്ഷമവും താങ്ങാനാവുന്ന വിലയിലുള്ളതുമായ ഉൽപ്പന്നങ്ങളുടെ ശ്രേണിയിൽ തങ്ങളുടെ സാന്നിധ്യം വിപുലീകരിക്കാനുള്ള ഒരുക്കത്തിലാണ് റിലയൻസ് റീട്ടെയിൽ.

ഒരു ആഗോള നിർമ്മാണ ശക്തിയായി മാറാനുള്ള ഇന്ത്യയുടെ യാത്രയിൽ സ്വാശ്രയത്വത്തിലേക്കും നവീകരണത്തിലേക്കും രാജ്യത്തെ നയിക്കുന്നതിൽ ഈ 'മെയ്ഡ് ഇൻ ഇന്ത്യ' ഹോം തിയറ്റർ ടിവികൾ ഭാഗമാകും.




# സ്റ്റാർട്ടപ്പ് സംരംഭങ്ങൾ വർധിച്ചു വരുന്നത് ശുഭസൂചന: ഡോ.എ വി അനൂപ്

**കൊച്ചി:** പ്രതികൂല സാഹചര്യങ്ങളെ മറികടക്കാൻ പഠിക്കുമ്പോഴാണ് ഏതൊരു സംരംഭവും വിജയത്തിലേക്കെത്തുന്നതെന്ന് എവിഎ ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ.എ വി അനൂപ്.കേരള മാനേജ്മെന്റ് അസോസിയേഷൻ ഇൻസ്പെയർ സീരീസ് പ്രഭാഷണ പരമ്പരയിൽ ടേണിംഗ് അഡ്വെഴ്സിറ്റി ഇന്റു ഓപ്പർച്യൂണിറ്റി എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. സ്റ്റാർട്ടപ്പ് സംരംഭങ്ങൾ വർധിച്ചു വരുന്നത് ശുഭസൂചനയാണ്. പുതുതലമുറ കൂടുതൽ സ്മാർട്ടാണ്. ഏത് പ്രതികൂല സാഹചര്യങ്ങളെയും മറികടക്കാൻ കഴിവുള്ളവരാണ് യുവതലമുറ. അവർക്ക് അനുകൂല സാഹചര്യവും വഴിയും ഒരുക്കികൊടുക്കുന്നതിൽ സമൂഹവും സംവിധാനങ്ങളും കൂടുതൽ താത്പര്യമെടുക്കണമെന്നും അദ്ദേഹം പറഞ്ഞു.തീരുമാനം എടുക്കാൻ ബുദ്ധിമുട്ടുള്ള ഒട്ടേറെ സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട്. ബുദ്ധിപരമായ തീരുമാനങ്ങൾ എടുക്കാൻ കഴിഞ്ഞതാണ് മെഡിമിക്സിന്റെ വിജയരഹസ്യം. കേരളത്തിൽ കിട്ടുന്നത്ര ശുദ്ധമായ വെളിച്ചെണ്ണ മറ്റൊരു സംസ്ഥാനത്തും ലഭിക്കില്ല. ഇത് സ്വന്തം അനുഭവമാണെന്നും അദ്ദേഹം പറഞ്ഞു. കേരളത്തിന്റെ സാദ്ധ്യതകൾ തിരിച്ചറിയുക എന്നതാണ് പ്രധാനം. വിജയകരമായി 50 വർഷത്തോളം ബിസിനസ് നടത്തിയിട്ടും അവാർഡ് ലഭിച്ചിട്ടില്ല. എന്നാൽ സിനിമയുടെ പേരിൽ ഓസ്കാർ ഒഴിച്ചുള്ള മറ്റെല്ലാ അവാർഡുകളും ലഭിച്ചിട്ടുണ്ട്. സിനിമയ്ക്കു ലഭിക്കുന്ന പ്രാധാന്യം പോലും ബിസിനസ് മേഖലയിൽ ലഭിക്കുന്നില്ല. ആഗ്രഹിക്കുന്ന കാര്യങ്ങൾ എങ്ങനെ സാധ്യമാക്കാം എന്ന് ചിന്തിക്കണം. നേട്ടങ്ങൾ കയ്യെത്തി പിടിക്കാൻ ഇച്ഛാശക്തിയുണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു. കെഎംഎ പ്രസിഡന്റ് ബിബു പുന്നൂരാൻ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് അൾജിയേഴ്സ് ഖാലിദ്, സെക്രട്ടറി ഡോ.അനിൽ ജോസഫ്, ക്യാപ്റ്റൻ സുരേഷ് എന്നിവർസംസാരിച്ചു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com